മലങ്കര
നസ്രാണി

മലങ്കര നസ്രാണികളുടെ പ്രതിവാര പത്രിക

"ദൈവം നന്മയാണ്. അവൻ മാത്രമാണു യഥാർത്ഥമായും പൂർണമായും നന്മ. തിന്മയുടെ സകലനം കൂടാതെ നന്മയാണവൻ. അവനിൽ സകല തിന്മയും അന്തർദ്ധാനം ചെയ്യുന്നു. അവനിൽ തിന്മയ്ക്കു യാതൊരു സ്ഥാനവുമില്ല – പ്രകാശത്തിൽ ഇരുട്ടിനു യാതൊരു സ്ഥാനവുമില്ലാത്തതുപോലെതന്നെ...... ഏതെങ്കിലും വ്യക്തിത്വം നന്മയെ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്യുമ്പോൾ സ്വന്തം ഉണ്മയെത്തന്നെ നിഷേധിക്കലാണ് അത്. കാരണം, സൃഷ്ടിക്കപ്പെട്ട യഥാർത്ഥ വ്യക്തി, അതിന്റെ സ്രഷ്ടാവിനെപ്പോലെ, നന്മയാണ്."

– പൗലോസ് മാർ ഗ്രിഗോറിയോസ്

പുസ്തകം 1	ലക്കം 8	2005 ഒക്ടോബർ 9–15	പേജ് 8

കോതമംഗലം സ്റ്റുഡൻസ് സെന്ററിൽ വൈദികനെ നിയമിച്ചതിനെച്ചൊല്ലി തർക്കം

കോതമംഗലം: ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനത്തിന്റെ കോതമംഗലം സ്റ്റുഡന്റ് സെന്ററിന്റെ ഉടമസ്ഥതയെച്ചൊല്ലിയും അവിടെ വൈദികനെ നിയമിക്കുന്നതിനെ ചൊല്ലിയും തർക്കം. വിദ്യാർത്ഥിപ്രസ്ഥാനം ആരംഭിച്ച കോതമംഗലം സ്റ്റുഡന്റ് സെന്ററിന്റെ മേൽനോട്ടം അങ്കമാലി ഭദ്രാസനാധിപനും വിദ്യാർത്ഥി പ്രസ്ഥാനം വൈസ്പ്രസിഡന്റുമായ പൗലോസ് മാർ പക്കോമിയോസാണ് നിർവഹിച്ചിരുന്നത്. അദ്ദേഹം അങ്കമാലി ഭദ്രാസന ഭരണം ഒഴിഞ്ഞതിനെ തുടർന്ന് ഈ സ്ഥാപനം വിദ്യാർത്ഥിപ്രസ്ഥാനത്തിന്റേതാണെന്ന വിവരം സഖറിയാ മാർ തെയോഫിലോസ് (മുൻ വിദ്യാർത്ഥി പ്രസ്ഥാനം സെക്രട്ടറി) അങ്കമാലി ഭദ്രാസനത്തിന്റെ ചുമതല വഹിക്കുന്ന നിയുക്ത കാതോലിക്കാ ബാവായെ ധരിപ്പിക്കുകയും അദ്ദേഹം അത് അംഗീകരിച്ച് വേണ്ട കാര്യങ്ങൾ ചെയ്തുകൊള്ളുവാൻ വിദ്യാർത്ഥി പ്രസ്ഥാനത്തിന് അനുമതി നൽകുകയും ചെയ്തിരുന്നു. ഇതനുസരിച്ച് കാര്യങ്ങൾ ചെയ്യുന്നതിനു മുമ്പായി നിയുക്ത കാതോലിക്കാബാവാ തന്നെ ആ സ്ഥാപനത്തിന്റെ ചുമതലയുള്ള വൈദികനെ മാറ്റി മറ്റൊരാളെ നിയമിച്ചു കല്പന നൽകിയതാണിപ്പോഴത്തെ പ്രതിസന്ധിക്ക് കാരണം.

നിയുക്ത കാതോലിയ്ക്കാബാവായെ, അദ്ദേഹത്തോടൊപ്പമുള്ള ശെമ്മാശനോ, അങ്കമാലി ഭദ്രാസനത്തിലെ ചിലരോ തെറ്റിദ്ധരിപ്പിച്ചതു മൂലമാവാം ഇങ്ങനെ സംഭവിച്ചതെന്ന് വിദ്യാർത്ഥി പ്രസ്ഥാനം പ്രവർത്തകർ പറയുന്നു.

ഈ നിയമനം ശരിയല്ല എന്നു ചൂണ്ടിക്കാട്ടി വിദ്യാർത്ഥിപ്രസ്ഥാനം വർക്കിംഗ് കമ്മിറ്റിക്കും മറ്റും പരാതി കൊടുത്തതിന്റെ ഫലമായി ഇതിനെക്കുറിച്ച് അന്വേഷിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ രണ്ടു വർക്കിംഗ് കമ്മിറ്റി അംഗങ്ങളെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. അംഗങ്ങളിലൊരാളായ വൈദികസെമിനാരി പ്രിൻസിപ്പലിനെ കണ്ട് വിദ്യാർത്ഥിപ്രസ്ഥാനം പ്രസിഡണ്ട് തിരുമേനിയും മറ്റും കാര്യങ്ങൾ വിശദീകരിച്ചു എന്നാണ് അറിയുന്നത്.

വേണ്ട കാര്യങ്ങൾ വേണ്ടപ്പോൾ ചെയ്യാനറിഞ്ഞുകൂടാത്ത സഭാനേതൃത്വം ഈ പ്രശ്നം തെരുവിലെത്തിക്കുമോ എന്ന ഭയപ്പാടിലാണ് സഭാസ്നേഹികൾ ഇപ്പോൾ.

പുലി പ്രഭാകരൻ പഴയസെമിനാരിയിൽ വന്നത് 1976–ൽ

തൃശൂർ: എൽ. ടി. ടി. ഇ. നേതാവ് പുലി പ്രഭാകരൻ മലയാളിയാണെന്നും അദ്ദേഹം 1976–ലാണ് അവസാനം കേരളത്തിൽ വന്നതെന്നും പുതിയ വെളിപ്പെടുത്തൽ.

1976–ലെ വരവിൽ പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായെ അദ്ദേഹം സന്ദർശിച്ചിരുന്നു എന്ന കാര്യം ഈ വെളിപ്പെടുത്തലോടെ സത്യമാണെന്നു തെളിഞ്ഞു. ജോയ്സ് തോട്ടയ്ക്കാട് നടത്തിയ ഒരു കൂടിക്കാഴ്ചയിൽ പ്രഭാകരൻ പഴയസെമിനാരിയിൽ വന്ന് തിരുമേനിയെ കണ്ടു എന്നു കേൾക്കുന്നത് ശരിയാണോ എന്നന്വേഷിച്ചപ്പോൾ ആ സന്ദർശനകഥ മെത്രാപ്പോലീത്താ വിവരിച്ചിരുന്നു. മെത്രാപ്പോലീത്തായുടെ ജീവചരിത്രമായ 'പ്രകാശത്തിലേക്ക് ഒരു തീർത്ഥയാത്ര'യിൽ ഈ സംഭവം ഉൾപ്പെടുത്തുകയും ചെയ്തു. എങ്കിലും ഏതു വർഷമാണത് നടന്നതെന്ന് തിരുമേനിക്ക് കൃത്യമായി ഓർമ്മയില്ലാതിരുന്നതിനാൽ വർഷം രേഖപ്പെടുത്തുവാൻ കഴിഞ്ഞിരുന്നില്ല.

തൃശൂർ വാടാനപ്പിള്ളി സ്വദേശി വേലുവിന്റെ പുത്രനായ പ്രഭാകരൻ ഏക സഹോദരി ജാനകിയുടെ കുടുംബത്തെ സന്ദർശിക്കാൻ ഈ വരവിൽ തൃശൂരിലെത്തിയെന്നാണ് പുതിയ വെളിപ്പെടുത്തൽ.

അന്ന് സഹോദരീഭർത്താവിന്റെ സ്വത്തുവിഹിതമായ 1500 രൂപയുമായി പ്രഭാകരനെ സന്ദർശിച്ച ഗുരുവായൂരിലെ പഴയകാല പത്രപ്രവർത്തകനും പ്രഭാകരന്റെ അച്ചൻ വേലുവിന്റെ അടുത്ത ബന്ധുവുമായ ലക്ഷ്മണനാണ് ഇപ്പോൾ പുതിയ വെളിപ്പെടുത്തലുമായി രംഗത്തെത്തിയിരിക്കുന്നത്.

29 വർഷം മുമ്പ് 1976–ൽ തൃശൂർ സെൻട്രൽ ഹോട്ടലിൽ വച്ചായിരുന്നു ആ അപൂർവ്വ കൂടിക്കാഴ്ച. ലക്ഷ്മണൻ നൽകിയ 1500 രൂപ പ്രഭാകരൻ വാങ്ങിയില്ല. ഈ പണം തനിക്കു വേണ്ടെന്നും, വേറെ ചില കാര്യങ്ങൾക്കാണ് താൻ കേരളത്തിലെത്തിയതെന്നും പ്രഭാകരൻ പറഞ്ഞുവെന്ന് ലക്ഷ്മണൻ ഓർമ്മിക്കുന്നു.

'ഈ വേറെ ചില കാര്യങ്ങൾ' ഇന്ദിരാഗാന്ധിയുമായി അടുപ്പമുണ്ടായിരുന്ന പൗലോസ് മാർ ഗ്രീഗോറിയോസിനെ സന്ദർശിച്ച് ഇന്ദിരാഗാന്ധിയെക്കൊണ്ട് ശ്രീലങ്കൻ പ്രശ്നത്തിൽ എന്തെങ്കിലും ചെയ്യിക്കുക എന്നതായിരുന്നിരിക്കാം എന്ന് ഊഹിക്കാം. ഈ ലക്ഷ്യവുമായി പ്രഭാകരൻ വന്നിരുന്നെന്നും, അദ്ദേഹം വളരെ മാന്യമായ രീതിയിലാണ് ഇടപെട്ടതെന്നും മെത്രാപ്പോലീത്താ കൂടിക്കാഴ്ചയിൽ പറഞ്ഞിരുന്നു.

■

അവിടെയും അദ്ധ്യക്ഷൻ പാത്രിയർക്കീസല്ല!!!

മലങ്കരസഭാ ഭരണഘടനയിലെ ഒന്നാം വകുപ്പിനെ വിശദീകരിക്കുവാനുള്ള ശ്രമത്തിൽ ചില ചരിത്രകാരന്മാരും മെത്രാപ്പോലീത്തന്മാരും ആകമാന സുറിയാനിസഭ എന്നു പറയുന്നത് ഓറിയന്റൽ ഓർത്തഡോക്സ് സഭാവിഭാഗത്തിൽ ഉൾപ്പെടുന്ന ആറു സഭകളെയും കൂട്ടി ഒരുമിച്ച് പറയുന്നതാണെന്നും ഈ ആറു സഭകളുടെയും മേലദ്ധ്യക്ഷന്മാർ ഒരുമിച്ചുകൂടുമ്പോൾ അദ്ധ്യക്ഷത വഹിക്കുന്നത് അന്ത്യോഖ്യാ പാത്രിയർക്കീസാണെന്നും പഠിപ്പിക്കുന്നുണ്ട്. തീർത്തും തെറ്റായ ഒരു പഠിപ്പിക്കലാണിത്.

കോപ്റ്റിക് സഭ, സിറിയൻ ഓർത്തഡോക്സ് സഭ, അർമ്മീനിയൻ ഓർത്തഡോക്സ് സഭ, ഇന്ത്യൻ ഓർത്തഡോക്സ് സഭ, എത്യോപ്യൻ ഓർത്തഡോക്സ് സഭ, എറിത്രിയൻ ഓർത്തഡോക്സ് സഭ എന്നീ ആറു സഭകളാണ് ഓറിയന്റൽ ഓർത്തഡോക്സ് സഭാ കുടുംബത്തിൽ ഉൾപ്പെടുന്നത്. ഇവയുടെ മേലദ്ധ്യക്ഷന്മാർ ഒരുമിച്ച് സമ്മേളിക്കുമ്പോൾ അദ്ധ്യക്ഷത വഹിക്കുന്നത് കോപ്റ്റിക് ഓർത്തഡോക്സ് സഭയുടെ മേലദ്ധ്യക്ഷനാണ്. ഈ സഭകളിൽ വച്ച് കോപ്റ്റിക് പാത്രിയർക്കീസിന് ആദ്യസ്ഥാനവും അതിനടുത്ത സ്ഥാനം അന്ത്യോഖ്യാ പാത്രിയർക്കീസിനുമാണ്.

(കൂടുതൽ വിവരങ്ങൾക്ക് ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ് രചിച്ച 'പൗരസ്ത്യ ക്രൈസ്തവ ദർശനം' – ദിവ്യബോധനം പ്രസിദ്ധീകരണം – എന്ന ഗ്രന്ഥത്തിലെ ഓർത്തഡോക്സ് സഭ എന്ന അദ്ധ്യായം വായിക്കുക. പേജ് 8–17).

അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ്

വർഗീസ് ജോൺ, തോട്ടപ്പുഴ

മലങ്കര സഭയുടെ വിഷമ കാലഘട്ടത്തിൽ നിരവധി കഷ്ടപ്പാടുകളും പ്രയാസങ്ങളും അനുഭവിച്ച് സഭയെ നിലനിർത്താൻ അത്യദ്ധ്വാനം ചെയ്ത പരിശുദ്ധനായ കർമ്മയോഗിയായിരുന്നു അമ്പാട്ട് ഗീവർഗീസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ. പൈതൃകമായി തനിക്കു ലഭിച്ച കുടുംബസ്വത്ത് മുഴുവനും തന്നെ സഭയുടെ ഉന്നമനത്തിനായി നീക്കിവച്ച സഭയുടെ ഒരു നിസ്വാർത്ഥ സേവകനായിരുന്നു അങ്കമാലി ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായിരുന്ന അമ്പാട്ട് തിരുമേനി.

അങ്കമാലി അകപ്പറമ്പ് ഇടവകയിൽ അമ്പാട്ട് വടക്കൻ കുടുംബത്തിൽ ഇട്ടി മാത്തുവിന്റെയും ഏലിയുടെയും മൂന്നാമത്തെ മകനായി കൊല്ലവർഷം 1010 (എ. ഡി. 1834-35)-ൽ ഗീവർഗീസ് (കോരത്) ജനിച്ചു. ടിപ്പു സുൽത്താന്റെ പടയോട്ടകാലത്ത് കുന്നംകുളം -ആർ ത്താറ്റ് പ്രദേശത്തു നിന്ന് പൊയ്ക്കോട്ടുശേരിൽ കുടിയേറിപ്പാർത്തതായിരുന്നു അമ്പാട്ട് കുടുംബം. ഗീവർഗീസിന്റെ മാതാമഹൻ അയ്യമ്പിളിൽ മഴുവഞ്ചേരിപറമ്പത്ത് കോരത് പഴയ കൊച്ചി രാജ്യത്തെ ഒരു ജഡ്ജിയായിരുന്നു. പിതൃ സഹോദരൻ അമ്പാട്ട് ബ. യാക്കോബ് (ചാക്കോ) കത്താനരെപ്പോലെ ഒരു വൈദികനാകണമെന്നായിരുന്നു ഗീവർഗീസിന്റെ ആഗ്രഹം.

നാട്ടുഭാഷ പഠിച്ചശേഷം അങ്കമാലി കൂരൻ കരവട്ടു വീട്ടിൽ ബ. യാക്കോബ് കത്തനാർ, പാറയ്ക്കൽ ബ. ഇട്ടി മാത്തു കത്തനാർ എന്നിവരിൽ നിന്ന് സുറിയാനി ഭാഷ യും ആരാധനക്രമങ്ങളും പഠിച്ചു. വേദശാസ്ത്രം, ഗണിത ശാസ്ത്രം, തച്ചുശാസ്ത്രം എന്നിവയിലും അദ്ദേഹം നിപുണനായി.

യൂയാക്കിം മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്നു ശെമ്മാശു പട്ടവും തുടർന്ന് കശീശാപട്ടവും സ്വീകരിച്ച് സ്വന്തം ഇടവകയിൽ സേവനമനുഷ്ഠിച്ചുവന്നു. 1875-ൽ മലങ്കരയിൽ വന്ന പ. ഇഗ്നാത്തിയോസ് പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മുളന്തുരുത്തി പള്ളിയിൽ വച്ച് 1876 ജൂൺ 27 (1057 മിഥുനം 15) ചൊവ്വാഴ്ച മറ്റ് രണ്ടുപേരോടൊപ്പം ഗീവർഗീസ് കത്തനാർക്ക് റമ്പാൻ സ്ഥാനം നൽകി. മലങ്കര സഭയെ ഭദ്രാസനങ്ങളായി വിഭജിക്കാനും മേല്പട്ടക്കാരെ വാഴിക്കാനും പാത്രിയർക്കീസ് ബാവാ തീരുമാനിച്ചപ്പോൾ അങ്കമാലി ഭദ്രാസനത്തിനായി അമ്പാട്ട് ഗീവർഗീസ് റമ്പാൻ നിയോഗിക്കപ്പെട്ടു.


വടക്കൻ പറവൂർ മാർത്തൊമ്മൻ പള്ളിയിൽ വച്ച് 1876 ഡിസംബർ 10 (സുറിയാനി കണക്കിന് വൃശ്ചികം 28) ഞായറാഴ്ച വി. യാക്കോബ് ബുർദാനയുടെ പെരുന്നാൾ ദിവസം അങ്കമാലി ദൈവമാതാവിന്റെ പള്ളിയും അതിനു ചുറ്റുമുള്ള പള്ളികളും അടങ്ങുന്ന ഭദ്രാസനത്തിനു വേണ്ടി ഗീവർഗീസ് മാർ കൂറിലോസ് എന്ന പേരിൽ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു. നിരണം ഭദ്രാസനത്തിനുവേണ്ടി ചാത്തുരുത്തിൽ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും (പരിശുദ്ധ പരുമല കൊച്ചു തിരുമേനി) വാഴിക്കപ്പെട്ടത് ഇതോടൊപ്പമാണ്. തലേ ഞായറാഴ്ച (ഡിസംബർ മൂന്ന്) വാഴിക്കപ്പെട്ട കോനാട്ട് ഗീവർഗീസ് മാർ യൂലിയോസ് (തുമ്പമൺ) കടവിൽ പൗലോസ് മാർ അത്താനാസിയോസ് (ആദ്യം കൊല്ലം, പിന്നീട് കോട്ടയം) എന്നീ മെത്രാപ്പോലീത്താമാർ ഈ മേല്പട്ട വാഴ്ചയിൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായോടൊപ്പം സഹകാർമ്മികത്വം വഹിച്ചു.

1877 മേയ് 5 (നീസാൻ 23) ന് ഭദ്രാസനം ഏല്പിച്ചുകൊണ്ടുള്ള സ്താത്തിക്കോൻ പാത്രിയർക്കീസ് ബാവാ എഴുതിക്കൊടുത്തു. അങ്കമാലി മർത്ത്മറിയം പള്ളിയും വടക്കൻ പറവൂർ മാർതൊമ്മൻ പള്ളിയും അവ യ്ക്കു ചുറ്റുമുള്ള അകപ്പറമ്പ്, കുറപ്പംപടി, കോതമംഗലം ചെറിയ, പള്ളിക്കര, കോതമംഗലം വലിയ, കുന്നക്കുരുടി, തുരുത്തിപ്പള്ളി, റാക്കാട്, മഞ്ഞപ്ര, പീച്ചനിക്കാട്, കോട്ടപ്പടി, വെങ്ങോല, മഴവന്നൂർ, കാരക്കുന്നം, പോത്താനിക്കാട്, ചേലാട്, വേങ്ങൂർ, കടായി, അല്ലപ്ര, മാറാട്ടി എന്നീ പള്ളികളും അടങ്ങുന്ന (ആകെ 22 പള്ളികൾ) ഭദ്രാസനത്തിന്റെ ഭരണമാണ് അദ്ദേഹത്തെ ഏല്പിച്ചത്.

കുന്നംകുളം ചിറളയം സെന്റ് ലാസറസ് പള്ളിയിൽ വച്ച് 1877 മേയ് 17 ന് കരവട്ടുവീട്ടിൽ ശെമവോൻ മാർ ദിവന്നാസിയോസ് (കൊച്ചി) മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് (കണ്ടനാട്) എന്നീ മേല്പട്ടക്കാരെ വാഴിക്കുമ്പോൾ അമ്പാട്ട് തിരുമേനി സഹകാർമ്മികനായിരുന്നു.

സഭയ്ക്കുവേണ്ടി അമ്പാട്ട് തിരുമേനിചെയ്ത സേവനങ്ങൾ വിലപ്പെട്ടതാണ്. പല സ്ഥലങ്ങളിൽ ദൈവാലയങ്ങൾ സ്ഥാപിക്കുകയും പലർക്കും വൈദിക സ്ഥാനം നൽകുകയും ചെയ്തു. കോതമംഗലം, കുറുപ്പംപടി, റാക്കാട്ട് മുതലായ പള്ളികളിൽ അദ്ദേഹം വളരെ നാൾ താമസിച്ചിട്ടുണ്ട്. കോതമംഗലം മാർതൊമ്മൻ ചെറിയപള്ളിയിലെ മനോഹരമായ 'ക്ദൂശ്-കുദിശ്' അദ്ദേഹം വരച്ചുണ്ടാക്കിയ പ്ലാൻ അനുസരിച്ച് അദ്ദേഹത്തിന്റെ പരിശ്രമത്താൽ പണികഴിപ്പിച്ചിട്ടുള്ളതാണ്. നവീകരണക്കാരുടെ ഉത്ഭവത്തോടെ സഭയിലുണ്ടായ പ്രത്യേക സാഹചര്യത്തിൽ പള്ളികൾ സന്ദർശിച്ച് പട്ടക്കാരെയും ജനങ്ങളെയും സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്താൻ തിരുമേനി പ്രയത്നിച്ചിട്ടുണ്ട്.

അങ്കമാലി ഭദ്രാസനത്തിന്റെ ആസ്ഥാനമാക്കണമെന്ന ഉദ്ദേശത്തോടെയാണ് അമ്പാട്ട് തിരുമേനി ഇന്ന് ആലുവാ തൃക്കുന്നത്തു സെമിനാരി ഇരിക്കുന്ന സ്ഥലം വാങ്ങിയത്. സഭയ്ക്കും ഭദ്രാസനത്തിനും അദ്ദേഹം നൽകിയ ഏറ്റവും സ്മരണീയമായ സ്ഥാപനമാണ് കൊല്ലവർഷം 1055 (എഡി. 1889-90) ൽ പണിയാരംഭിച്ച് 1064 കുംഭം 18 (1889 മാർച്ച് 2) ന് ആദ്യ കുർബ്ബാന അർപ്പിക്കപ്പെട്ട തൃക്കുന്നത്തു സെന്റ് മേരീസ് സെമിനാരി പള്ളി. അങ്കമാലി അകപ്പറമ്പ് പള്ളികളിൽ നിന്നുള്ള പിരിവും സ്വന്തം പണവും ചെലവഴിച്ചാണ് ഇത് പണി കഴിപ്പിച്ചത്. എന്നാൽ ഇതു പൂർത്തിയാക്കുന്നതിന് അദ്ദേഹത്തിനിടയായില്ല.



ആയിടെ പാമ്പാക്കുട പള്ളി സന്ദർശിക്കാൻ പോയപ്പോൾ രോഗബാധിതനായി അദ്ദേഹം അകപ്പറമ്പ് പള്ളിയിലേക്കു മടങ്ങിയെത്തി. തന്റെ അന്ത്യകാലം അടുത്തു എന്ന ഉൾബോധത്തിലാകാം, അദ്ദേഹം അങ്കമാലി ചെറിയ പള്ളിയിലെത്തി പള്ളിയുടെ വടക്കുഭാഗത്ത് കബറിടം പണികഴിപ്പിച്ചു. വീണ്ടും രോഗബാധിതനായെങ്കിലും അവസാനം വരെയും ബോധമുണ്ടായിരുന്നു. 1891 മാർച്ച് 8 (1066 കുംഭം 24) ഞായറാഴ്ച സന്ധ്യയ്ക്കുശേഷം "കർത്താവിനു സ്തുതി" എന്ന വാക്കുകൾ ഉച്ചരിച്ച് കുരിശു വരച്ച് അദ്ദേഹം 56-ാമത്തെ വയസിൽ കാലം ചെയ്തു. നേരത്തെ നിശ്ചയിച്ചിരുന്ന സ്ഥലത്തു തന്നെ കബറടക്കി.

കോട്ടയം ഭദ്രാസനാധിപനായ കടവിൽ പൗലോസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ തുടർന്ന് അങ്കമാലി ഭദ്രാസനത്തിന്റെ ചുമതലയേറ്റെടുത്തു. അദ്ദേഹം തൃക്കുന്നത്തു പള്ളിപണി പൂർത്തിയാക്കുകയും 1904-ൽ തൃക്കുന്നത്തു സെമിനാരിയ്ക്ക് അടിസ്ഥാനക്കല്ലിടുകയും ചെയ്തു.

ലേഖനരചനയ്ക്ക് ആധാരമായി സ്വീകരിച്ച രേഖകൾ :-

1) ഫാ. സൈമൺ പുലിക്കോട്ടിൽ:'പരിശിഷ്ടാദ്ധ്യായം' കോട്ടയം അങ്കമാലി ഭദ്രാസന ഇടവകകളുടെ പൗലോസ് മാർ അത്തനാസിയോസ് മെത്രാപ്പോലീത്തായുടെ ജീവചരിത്രം, 1931, pp 39-43

2) ഡോ. ഡേവിഡ് കോര, അമ്പാട്ട്: അമ്പാട്ട് ഗീവർഗീസ് മാർ കുറിലോസ് മെത്രാപ്പോലീത്താ, അമ്പാട്ട് മാർ കുറിലോസ് ശതാബ്ദി സ്മരണിക, സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി, അങ്കമാലി 1991.

■

മദ്യപാനിക്ക് മുടക്ക്


മകരം 3. നമ്പ്ര 100. നിരണത്തു പള്ളിക്കാർക്കു ആ ഇടവകയിൽ പള്ളിഭാഗം നേർച്ചകൂട്ടത്തിൽ ഉൾപ്പെട്ടവരായ ചക്കാലപറമ്പിൽ മാത്തു കോരുതും, പള്ളി തെക്കേതിൽ കപ്പിയാർ അബ്രഹാം വർക്കിയും മദ്യപാനികളായിത്തീരുക നിമിത്തം ടി മുറിക്കാരുടെ ഹർജ്ജിപ്രകാരം വിചാരണ കഴിച്ച വികാരി മുതൽ പേരുടെ റിപ്പോർട്ടു വരികയാൽ അവരിരുവരെയും മുടക്കി സാധനം അയച്ചു. കല്ലുംകത്തറ.

(പരുമല തിരുമേനിയുടെ കല്പന ബുക്കിൽ നിന്നും)

മാർ ഗ്രീഗോറിയോസിന്റെ കത്ത്

പൗലോസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ സഭാനേതൃത്വത്തിൽ നിന്ന് രാജി വച്ചപ്പോൾ അതിന്റെ കാരണങ്ങളും, സഭയുടെ ഉള്ളിലെ കുഴപ്പങ്ങളും, സഭാസ്ഥാപനങ്ങളിലെ അഴിമതികളും ചൂണ്ടിക്കാട്ടി 14 പേജുള്ള ഒരു കത്ത് കാതോലിക്കാബാവായ്ക്കും സുന്നഹദോസ് അംഗങ്ങൾക്കും മറ്റും അയച്ചിരുന്നു. ഈ കത്തിന്റെ കോപ്പി ആരുടെയെങ്കിലും കൈവശമുണ്ടങ്കിൽ അയച്ചുതരുവാൻ താല്പര്യപ്പെടുന്നു. കത്ത് ലഭ്യമായാൽ പൗലോസ് മാർ ഗ്രീഗോറിയോസ് ഇൻഫോ എന്ന വെബ്സൈറ്റിൽ കത്തുകളുടെ വിഭാഗത്തിൽ ഉൾപ്പെടുത്തുന്നതാണ്.

\- ജോയ്സ് തോട്ടയ്ക്കാട്



മദ്ധ്യസ്ഥത യാചിച്ചുകൊണ്ട്

ശോഭയും ബിജുവും, കോട്ടയം

വിശുദ്ധിയുള്ള കുടുംബങ്ങൾ

പ. ബസ്സേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ

സ്ത്രീകൾക്കു വേദപുസ്തകത്തിലുള്ള സ്ഥാനം ഗണ്യമാണ്. ഇന്നത്തെ സ്ത്രീകൾ അതു മനസ്സിലാക്കി പ്രവർത്തിക്കണം. ദൈവം സ്ത്രീകളിൽ നിന്നു പ്രതീക്ഷിക്കുന്ന എല്ലാ കാര്യങ്ങളും ഉൾക്കൊള്ളിച്ചു പ്രയത്നിക്കണം. 'എന്നെ ലോകത്തിലേക്കു ദൈവം അയച്ചു. എനിക്കു ചെയ്യാവുന്നതൊക്കെ ചെയ്തു' എന്നൊരു സംതൃപ്തി നിങ്ങൾക്കുണ്ടാവണം. നമ്മുടെ ആരുടെയും നാടിവിടെയല്ല, വീടുമിവിടെയല്ല. നമുക്കു പോകണം. കണിശമായിട്ടും പോയേ മതിയാവൂ. ഇവിടെ കഴിവതു പ്രയത്നിച്ചുവെന്ന ഒരു സമാശ്വാസം – ഒരു സംതൃപ്തി – നിങ്ങൾക്കും എനിക്കും ഉണ്ടാകുവാൻ സാധിക്കണം.

കർത്താവായ യേശു തമ്പുരാൻ കുരിശിന്മേൽ കിടന്നുകൊണ്ടു പറഞ്ഞു: 'എല്ലാം പൂർത്തിയായി.' എന്താണിതിന്റെ അർത്ഥം? 'സ്വർഗസ്ഥനായ പിതാവേ! നീ എന്നെ ഈ ഭൂമിയിലേക്കയച്ചു. എന്നോട് എന്തെല്ലാം കാര്യങ്ങൾ ചെയ്യുവാൻ ആജ്ഞാപിച്ചിരുന്നുവോ അവയെല്ലാം ഞാൻ ചെയ്തു തീർത്തു. അതു കൊണ്ട് അങ്ങേയറ്റം സംതൃപ്തിയോടെ, സമാധാനത്തോടെ, ഞാൻ ഈ ലോകത്തോടു വിട വാങ്ങുന്നു. എന്നെ അങ്ങയുടെ കരങ്ങളിൽ ഭരമേൽപ്പിക്കുന്നു.' അങ്ങനെ ഒരു ആശ്വാസമാണ്, സംതൃപ്തിയാണ്, വാസ്തവത്തിൽ എനിക്കും നിങ്ങൾക്കും ഈ ലോകത്തിൽ നേടാനുള്ള ഏറ്റവും വലിയ സമ്പാദ്യം. അതിനുവേണ്ടി നമ്മൾ അദ്ധ്വാനിക്കണം.

ദൈവം തന്റെ സ്വന്തം രൂപത്തിലും സാദൃശ്യത്തിലും ആദാമിനെ സൃഷ്ടിച്ചു. അതുപോലെ തന്നെയാണു ഹവ്വയെയും സൃഷ്ടിച്ചത്. ഉല്പത്തി 1:27–ൽ ഇതു കാണാം. ആദാമിനെ സൃഷ്ടിച്ച ആ ദൈവരൂപത്തിൽ തന്നെയാണു ഹവ്വയെയും സൃഷ്ടിച്ചതെന്നു വ്യക്തം. തന്നെയുമല്ല, ആദാമിനോട് ഒത്തിണങ്ങി ഈ ഹവ്വ പ്രവർത്തിച്ചു. പുരുഷനും സ്ത്രീയും ഒത്തിണങ്ങി പ്രവർത്തിക്കേണ്ടവർ. അതിനുള്ള ചുമതല എല്ലാവർക്കുമുണ്ട്.


ഒരെഴുത്തുകാരൻ പറയുന്നു: 'യഹോവയായ ദൈവം സ്ത്രീയെ വാരിയെല്ലിൽ നിന്നെടുത്തു. തലയിൽ നിന്നെടുത്തെങ്കിൽ അവൾ മുകളിലാകുമായിരുന്നു. പാദത്തിൽ നിന്നെടുത്തെങ്കിൽ അവൾ താഴെയാകുമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ ജീവിതം പങ്കിടുന്നതിൽ തുല്യ പങ്കാളിത്തമാണു സ്ത്രീപുരുഷന്മാർക്ക്. ആകയാൽ ഈ ലോകത്തെ സ്വർഗീയമാക്കാൻ പുരുഷനുള്ളതു പോലെ അതിനു തുല്യമായ ചുമതല സ്ത്രീക്കുമുണ്ട്. സംശയമില്ല. പുരുഷൻ പ്രസവിക്കണമെന്നല്ല. സ്ത്രീ പുരുഷനാകണമെന്നുമല്ല. ഓരോരുത്തർക്കും പ്രവർത്തിക്കുവാൻ ഓരോ തലം ദൈവം തമ്പുരാൻ കൊടുത്തിട്ടുണ്ട്. കൃഷിക്കാരുണ്ട്. കച്ചവടക്കാരുണ്ട്. ഒരു കൃഷിക്കാരൻ ഒരു കച്ചവടക്കാരൻ കൂടി ആകേണ്ട ആവശ്യമില്ല. നമ്മളെ ആക്കിയിരിക്കുന്ന സ്ഥിതിയിൽ ദൈവത്തോടു സഹകരിച്ചു ചിന്തിക്കാനും, പ്രവർത്തിക്കാനും നമുക്കു സാധിക്കണം. ആ നിലയിൽ വലിയ ഒരു ഉത്തരവാദിത്വം നമുക്കുണ്ട്.

1. ആത്മീയ നേതൃത്വത്തിന് അമ്മയുടെ സ്ഥാനം

നമ്മുടെ ഓരോരുത്തരുടെയും ജീവിതത്തിൽ നമ്മെ ആത്മീയ ചൈതന്യത്തിൽ വഴി നടത്തുന്നതിൽ നമ്മുടെ അമ്മമാർക്കു വലിയ പങ്കുണ്ട്. സംശയമൊന്നുമില്ല. കർത്താവായ യേശു തമ്പുരാനെയും കൊണ്ട് പരിശുദ്ധ മാതാവ് ദേവാലയത്തിലേക്കു പോകുന്ന ആ കാഴ്ച – കൂടെ ഔസേപ്പുമുണ്ട്. മനസ്സിൽ വിഭാവനം ചെയ്യുക. ആ അമ്മയുടെ സ്ഥാനം എത്ര ഭാവോജ്ജ്വലമാണ്.

തോട്ടത്തിൽ വച്ചുണ്ടായ അനുഭവം പരിഹരിക്കാൻ തക്കവണ്ണം പരിശുദ്ധ മാതാവ് നടത്തിയ അർപ്പണം എത്ര മഹത്തരം! ലോക രക്ഷയ്ക്കായി ഇത്ര ശ്രേഷ്ഠമായ നിലയിൽ ജീവാർപ്പണം ചെയ്ത മറ്റൊരാളും ഇന്നേവരെയില്ല. പരിശുദ്ധ മാതാവിന്റെ സ്ഥാനം അദ്വിതീയമാണ് – അതുല്യമാണ്. ലോകത്തിൽ മറ്റാരുമായി മാതാവിനെ താരതമ്യപ്പെടുത്താവുന്നതല്ല.

ദൈവത്തിന്റെ ദിവ്യമായ പ്ലാൻ എന്താണ്? മനുഷ്യപുത്രൻ ഭൂജാതനായതു മനുഷ്യനെ മാത്രം രക്ഷിക്കാനല്ല – ഈ പ്രപഞ്ചത്തെ മുഴുവനും, സൃഷ്ടിയെ ആകമാനം – രക്ഷിക്കുവാനാണ്. സൃഷ്ടിക്കെല്ലാം നവജീവൻ, നവചൈതന്യം, നവാദർശം, നവദർശനം, നവസ്നേഹം പകരുവാനാണ്. അതായിരുന്നു മനുഷ്യാവതാര ലക്ഷ്യം. എങ്ങനെയതു സഫലമാക്കാം? മനുഷ്യാവതാരത്തിന് ആർ ആത്മാർപ്പണം ചെയ്തു? ആരിൽക്കൂടി ആ ലക്ഷ്യം സാധിതമായി? പരിശുദ്ധ മാതാവിൽ കൂടി. മാതാവിന്റെ ആ വാക്കുകൾ നോക്കു. 'കണ്ടാലും കർത്താവിന്റെ ദാസി! അവിടുത്തെ ഇഷ്ടം!'– മഹത്തരമായ ആ വിനയം! – അർപ്പണം!! – ത്യാഗം!!



2. സമർത്ഥരായ അഞ്ചു പെൺമക്കൾ

സ്ത്രീകൾക്കു നല്ല അനുസരണവും നല്ല സമർപ്പണവും വേണം. നല്ല ഒരു പ്രതിഷ്ഠാ ജീവിതം ഉണ്ടായിരിക്കണം. പള്ളിയിൽ നോക്കിയാൽ പുരുഷന്മാരുടെ എണ്ണത്തേക്കാൾ വളരെ കൂടുതലാണു സ്ത്രീകളുടെ എണ്ണം. സെലൊഫഹാദിന്റെ സമർത്ഥരായ അഞ്ചു പുത്രിമാരെപ്പറ്റി നിങ്ങൾ വായിച്ചു കാണും (സംഖ്യ. 26:33; 27: 1–7; 36:2 മുതൽ; യോശുവ 17:3 മുതൽ). ആ മനുഷ്യനു പുത്രന്മാരില്ലായിരുന്നു. യഹൂദ നിയമമനുസരിച്ചു പെൺമക്കൾക്കു പിതാവിന്റെ കൃഷിയിടങ്ങളിലോ, സ്വത്തുക്കളിലോ അവകാശം ലഭിക്കുകയില്ല.

ഈ അനീതിക്കെതിരെ സെലൊഫഹാദിന്റെ പെൺമക്കൾ ഉണർന്നു. അവർ കൂടാരവാതില്ക്കൽ മോശയുടെയും പുരോഹിതനായ ഏലയാസരിന്റെയും സമൂഹ നായകന്മാരുടെയും മുമ്പിൽ ഹാജരായി നിവേദനം നടത്തി. 'ഞങ്ങളുടെ പിതാവു മരുഭൂമിയിൽ വച്ചു മരണമടഞ്ഞു. ഒരു പുത്രനദ്ദേഹത്തിനുണ്ടായില്ല എന്ന കാരണത്താൽ ഞങ്ങളുടെ പിതാവിന്റെ പേർ സ്വകുടുംബത്തിൽ നിന്നു നീക്കിക്കളയുന്നതെന്തിന്? ഞങ്ങൾക്ക് എന്തു കൊണ്ട് പിതൃസ്വത്തിലുള്ള അവകാശം നിഷേധിക്കുന്നു? ഇത് അനീതിയല്ലേ?

പെൺമക്കളുടെ ആവലാതി മോശ കർത്താവിന്റെ സന്നിധിയിൽ സമർപ്പിച്ചു. കർത്താവ് അരുൾ ചെയ്തു. അവർ പറയുന്നതാണു ശരി. പിതൃസ്വത്തിൽ അവർക്ക് അവകാശം കൊടുക്കുക.'

അങ്ങനെ ന്യായപ്രമാണത്തിലെ തെറ്റു പോലും തിരുത്തിക്കുവാൻ സ്ത്രീകൾക്കു സാധിച്ചു. നിശ്ചയമായും ദൈവം പുരുഷന്മാരുടെ ദൈവംമാത്രമല്ല. പുരുഷന്മാരെപ്പോലെ തന്നെ ദൈവത്തിനു സ്ത്രീകളെയും വേണം. ഇവിടെ പ്രമാണം തിരുത്തി എഴുതിക്കുവാൻ സ്ത്രീകൾക്കു സാധിച്ചുവെന്നതു പ്രധാനമാണ്. ആൺമക്കൾ ഇല്ലാതെ പിതാവു മരിച്ചാൽ അവരുടെ പേര് ആ കുടുംബത്തിൽ നിന്നു മാറ്റിക്കളയരുത്. അവർക്ക് അവകാശം അവിടെ കൊടുക്കണം. അവർക്കു പെൺമക്കളെയുള്ളുവെങ്കിലും സ്ത്രീകൾക്കു വാസ്തവത്തിൽ എന്തൊക്കെ നേടിയെടുക്കാൻ സാധിക്കുമെന്നുള്ളതിന് ഒരുദാഹരണം പറഞ്ഞുവെന്നു മാത്രം.

3. വിശുദ്ധിയുടെ കുടുംബം

യേശുക്രിസ്തുവിന്റെ ജീവിതത്തിലെ അനുഭവം നമ്മൾ കാണേണ്ടതാണ്. ഭർത്താക്കന്മാർ നല്ല ഭർത്താക്കന്മാരായിരിക്കേണ്ടതു പോലെ ഭാര്യമാർ നല്ല ഭാര്യമാരായിരിക്കേണ്ടതാണ്. വിവാഹ കൂദാശയ്ക്കായി വരുന്ന ഒരു ക്രിസ്തീയ കുടുംബത്തെ നോക്കുക. പള്ളിയിലേക്ക് അവർ വരുന്നു. വരനും വധുവും കുമ്പസാരിക്കുന്നു. കൂദാശയുടെ മദ്ധ്യേ കിരീടം വയ്ക്കുന്നതെന്തിനാണ്? നിങ്ങൾ രാജകീയ പുരോഹിതവംശമാണ്. കർത്താവായ യേശുക്രിസ്തുവിന്റെ രാജകീയ കുടുംബത്തിലെ അംഗങ്ങൾ.

മഹത്തായ ഒരു ഉടമ്പടിയിൽ മണവാളനും മണവാട്ടിയും പങ്കാളികളാകാൻ പോകുന്നു. അവർ കുമ്പസാരിച്ചു കുർബാന കൈക്കൊണ്ടു ഹൃദയങ്ങൾ പരിശുദ്ധമാക്കിയിരിക്കുന്നു. പള്ളിയിൽ മെഴുകുതിരികൾ കത്തിച്ചിരിക്കുന്നു. ദൈവസാന്നിദ്ധ്യത്തിൽ അവർ യോജിക്കുന്നു. ആരാണു ശുശ്രൂഷയുടെ ഔദ്യോഗിക കാർമികൻ? ദൈവം തന്നെ – പരിശുദ്ധാത്മാവു തന്നെ.

അങ്ങനെ വിശുദ്ധ ജീവിതം നയിക്കുന്ന നിങ്ങളുടെ കുടുംബം സഭയ്ക്കും സമൂഹത്തിനും ഒരു മുതൽക്കൂട്ടായി പരിണമിക്കണം. അതായിരിക്കട്ടെ നിങ്ങളുടെ ദൃഢാഭിലാഷം. അതു സാക്ഷാൽകരിക്കാൻ ദൈവം തുണയ്ക്കട്ടെ.

സ്ത്രീയും പുരുഷനും

റവ. ഫാ. ഡോ. വി. സി. ശാമുവേൽ

ക്രിസ്തീയ വീക്ഷണത്തിൽ സ്ത്രീയും പുരുഷനും തമ്മിലുള്ള ബന്ധം ആസ്പദമാക്കി അടിസ്ഥാനപരമായ ചില കാര്യങ്ങൾ പരാമർശിക്കുകയാണ്. ഇതിനാധാരമായി പൗലോസ് അപ്പോസ്തോലൻ ചെയ്യുന്ന രണ്ടു പ്രസ്താവനകൾ ഇവിടെ എടുത്തുകാണിക്കുകയാണ്. ഗലാത്യർക്കെഴുതിയ ലേഖനം 3:27–28 ഉം കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം 11–ാം അദ്ധ്യായ ത്തിലെ 3–12 ഉം ആണ് ആ പ്രസ്താവനകളട ങ്ങുന്ന ഭാഗങ്ങൾ.

1. ക്രിസ്തുവിലുള്ള സ്വാതന്ത്ര്യം

ഗലാത്യ ലേഖനഭാഗം ഇങ്ങനെയാണ്. "ക്രിസ്തുവിലുള്ള ഐക്യത്തിനു വേണ്ടി സ്നാപനം ചെയ്യപ്പെട്ട നിങ്ങളെല്ലാവരും ക്രിസ്തുവിന്റെ ജീവൻ ധരിച്ചിരിക്കുന്നു. അതുകൊണ്ടു യൂദനെന്നോ യൂദേതരനെന്നോ അടിമയെന്നോ സ്വതന്ത്രനെന്നോ പുരുഷനെന്നോ സ്ത്രീയെന്നോ ഉള്ള ഭേദമില്ല. നിങ്ങളെല്ലാവരും ക്രിസ്തുയേശുവിലുള്ള ഐക്യത്തിൽ ഒന്നാകുന്നു" (ഗലാത്യർ 3:21–28).

ക്രിസ്തു ശിഷ്യന്മാർ ന്യായപ്രമാണമുൾക്കൊള്ളുന്ന നിയമാനുശാസനങ്ങളെ ഏതു യെഹൂദനെയും പോലെ നിലനിർത്തിക്കൊണ്ടു വേണം യേശുക്രിസ്തുവിലുള്ള വിശ്വാസം സ്വീകരിക്കുവാൻ എന്ന വാദത്തെ ഖണ്ഡിക്കുവാനെഴുതിയതാണ് ഗലാത്യലേഖനം. നിയമാനുഷ്ഠാന ബാദ്ധ്യതയിൽ നിന്നും, അതുവഴി പാപത്തിന്റെയും, മരണത്തിന്റെയും ആധിപത്യത്തിൽ നിന്നും, യേശുക്രിസ്തു മനുഷ്യനെ വ്യക്തിയായും സമൂഹമായും ഉദ്ധരിച്ചിരിക്കുന്നു എന്നുള്ളതാണ് ആ ലേഖനത്തിന്റെ ഉപദേശ സാരം. യേശുക്രിസ്തുവിലുള്ള വിശ്വാസത്താൽ സ്വായത്തമാക്കേണ്ട ആ സ്വാതന്ത്ര്യം യെഹൂദനും യെഹൂദനല്ലാത്തവനും യജമാനനും ദാസനും പുരുഷനും സ്ത്രീക്കും ഒരുപോലെയുള്ളതാണ്. സഭവഴി ലഭിക്കേണ്ട സ്വാതന്ത്ര്യം അഥവാ രക്ഷയുടെ അനുഭവം ആസ്പദമാക്കി പുരുഷനു സ്ത്രീയേക്കാൾ മേന്മയില്ല. സ്ത്രീക്കു പുരുഷനേക്കാൾ കുറവുമില്ല. എന്നാൽ പ്രകൃതിദത്തമായ സ്ത്രീപുരുഷവ്യത്യാസം അവർ തമ്മിലുണ്ട്. അത് അവർക്കു ക്രിസ്തുവിലുള്ള സമത്വത്തെ ഹനിക്കുന്നില്ല. ഇതാണ് ഗലാത്യലേഖനത്തിൽ പൗലോസ് ഉറപ്പിച്ചു പറയുന്നത്.

2. ക്രിസ്തുവിലുള്ള സ്ത്രീപുരുഷ ബന്ധം

കൊരിന്ത്യർക്കെഴുതിയ ഒന്നാം ലേഖനം 11–ാം അദ്ധ്യായത്തിൽ പൗലോസ് ചെയ്യുന്ന പരാമർശമാണ് ഇവിടുത്തെ ചിന്താവിഷയം. പരസ്പര വിരുദ്ധമെന്നു തോന്നാവുന്ന രണ്ട് ഊന്നലുകൾ അവിടെ കാണാം. അവയിൽ ഒന്നാമത്തേതു 3 മുതൽ 10 വരെയുള്ള വാക്യങ്ങളിലും രണ്ടാമത്തേത് 11, 12 വാക്യങ്ങളിലും ചേർത്തിട്ടുണ്ട്. ഒന്നാമത്തെ ഭാഗത്തുള്ള അഞ്ചു കാര്യങ്ങൾ താഴെ കാണുന്നവയാണ്.

1. "ഏതു പുരുഷന്റെയും മേലുള്ള പരമാധികാരം ക്രിസ്തുവിനും, ഭാര്യയുടെമേലുള്ള അധികാരം ഭർത്താവിനുമാകുന്നു.'' ക്രിസ്തുവിന്റെ മേൽ ദൈവത്തിനാണ് അധികാരമുള്ളത് (3–ാം വാക്യം).

ദൈവത്തിന്റെ അധികാരത്തിൻ കീഴിൽ നില്ക്കുന്ന ക്രിസ്തുവിന്റെ പരമാധികാരത്തിനു വിധേയമായി പുരുഷൻ സ്ഥിതി ചെയ്യുന്നു. അവന്റെ അധീനതയിൽ സ്ത്രീ നിലനില്ക്കുന്നു.

2. അതുകൊണ്ടു പ്രാർത്ഥനാസമയത്തു സ്ത്രീ തല മൂടിയിരിക്കണം. പുരുഷൻ തലമൂടുകയും അരുത്. (4 മുതൽ 7 വരെയുള്ള വാക്യങ്ങൾ).

3. പുരുഷൻ തലമൂടിക്കൂടാത്തതു അവൻ "ദൈവത്തിന്റെ പ്രതിബിംബവും ദൈവത്തിന്റെ തേജസു പ്രതിഫലിപ്പിക്കുന്നവനു"മാകയാലത്രെ. (7–ാം വാക്യം).

4. ഇതിനോടു ചേർന്നു പൗലോസു പറയുന്നു. പുരുഷൻ സൃഷ്ടിക്കപ്പെട്ടതു സ്ത്രീയിൽ നിന്നല്ല, എന്നാൽ സ്ത്രീ സൃഷ്ടിക്കപ്പെട്ടത് പുരുഷനിൽ നിന്നാണ്.

5. പുരുഷൻ സ്ത്രീക്കുവേണ്ടിയല്ല. സ്ത്രീ പുരുഷനു വേണ്ടിയാണ് സൃഷ്ടിക്കപ്പെട്ടത്. (9–ാം വാക്യം).

ഈ വാക്യങ്ങളിലെല്ലാം സ്ത്രീപുരുഷനു വിധേയമായിക്കഴിയണമെന്നും അതിന്റെ സൂചകമായി പ്രാർത്ഥിക്കുമ്പോൾ സ്ത്രീ തല മൂടിയിരിക്കണമെന്നും പൗലോസു ശക്തിപൂർവ്വം വാദിക്കുന്നു. അതിനോടൊപ്പം പുരുഷനു സ്ത്രീയോടു എന്തെങ്കിലും വിധേയത്വമോ കടപ്പാടോ ഉള്ളതായി പൗലോസു പറയുന്നില്ല. പുരുഷനു സഹായം നല്കുവാനുദ്ദേശിച്ചു നിർമ്മിതയാണു സ്ത്രീ. അതു നല്കിക്കൊണ്ടു സ്ത്രീ പുരുഷനു കീഴ്പ്പെട്ടു സ്ത്രീ കഴിഞ്ഞുകൊള്ളണം. സ്വകീയമായ ഒരു നില സ്ത്രീക്കുള്ളതായി ഇവിടെയെങ്ങും പൗലോസു പറയുന്നില്ല.

3. പൗലോസിന്റെ സ്ത്രീ പുരുഷ ചിന്തയുടെ ആധാരം

ഈ വാദത്തിന് ആധാരമായി പൗലോസു കരുതുന്നതു ഉല്പത്തി പുസ്തകം 2–ാം അദ്ധ്യായത്തിലെ സൃഷ്ടിവൃത്താന്തമാണ്. ആദ്യമനുഷനെ ദൈവം നിർമ്മിച്ചു ഏദൻതോട്ടത്തിൽ പാർപ്പിച്ച സംഭവത്തിൽ സൃഷ്ടി ആരംഭിച്ചു (7, 8 വാക്യങ്ങൾ). ആ മനുഷ്യൻ ഏകനായിരുന്നു. അവന്റെ സ്വൈരജീവിതത്തിനു വേണ്ട സൗകര്യം തോട്ടത്തിലുണ്ടായിരുന്നു എങ്കിലും ഏകാന്തതയെ നേരിടുവാൻ മാർഗ്ഗമുണ്ടായിരുന്നില്ല. 'മനുഷ്യൻ തനിച്ചിരിക്കുന്നതു നല്ലതല്ല; അവനു തക്കതായ ഒരു തുണ ഞാൻ ഉണ്ടാക്കി കൊടുക്കും' എന്നു ദൈവം പറഞ്ഞു (18–ാം വാക്യം). അവയ്ക്കു പേരിടുവാൻ (അഥവാ അവയിലൊന്നിനെ സഹായത്തിനു സ്വീകരിക്കുമോ എന്നറിയുവാൻ) മനുഷ്യന്റെ അടുക്കലേക്കയച്ചു. മനുഷ്യൻ അവയ്ക്കു പേരിട്ടു, എന്നാൽ അവയിലൊന്നിനെയും ചങ്ങാതിയായി സ്വീകരിച്ചില്ല. ഈ സാഹചര്യത്തിൽ ദൈവം മനുഷ്യനിൽ നിന്നുതന്നെ സ്ത്രീയെ നിർമ്മിച്ചു, "നരനു" (എബ്രായ ഭാഷയിൽ 'ഇഷ്') തുണയായി "നാരി"യെ ('ഇഷാ') നല്കി. (19–മുതൽ 23 വരെ). രസകരമായ കഥാരൂപത്തിൽ കൊടുത്തിരിക്കുന്ന ഈ വിവരണത്തിന്റെ അർത്ഥപുഷ്ടി മനസ്സിലാക്കുവാൻ ഉല്പത്തി 2:4 മുതൽ 5:5 വരെ 1–ാം അദ്ധ്യായവുമായി ബന്ധപ്പെടുത്താതെ, ഒരുമിച്ചു വായിച്ചു നോക്കണം.

പൗലോസ് എടുത്തു പറയുന്നതായി മുകളിൽ കണ്ട അഞ്ചു കാര്യങ്ങളിൽ 4 ഉം 5 ഉം ഈ സൃഷ്ടിവിവരണത്തിൽ നിന്നും നേരേ എടുത്തവയാണ്. മറ്റു കാര്യങ്ങളിലും ഇതിന്റെ പ്രേരണ പൗലോസിന്റെ ചിന്തയെ ബാധിച്ചിരുന്നു.

4. പൗലോസിന്റെ സ്ത്രീ പുരുഷ ദർശനം

1. കൊരി. 11:11, 12 – ഈ വാക്യങ്ങൾ മറ്റൊരാശയമാണുൾക്കൊള്ളുന്നത്. എന്നാൽ ക്രിസ്തീയ ജീവിതത്തിൽ സ്ത്രീക്കു പുരുഷനെ ആശ്രയിക്കാതെയോ പുരുഷനു സ്ത്രീയെ ആശ്രയിക്കാതെയോ കഴിയുവാൻ സാദ്ധ്യമല്ല. (11–ാം വാക്യം). ഇവിടെ പൊന്തിനിൽക്കുന്നത് 9–ാം വാക്യത്തിലേതുപോലെ സ്ത്രീ പുരുഷനുവേണ്ടി സൃഷ്ടിക്കപ്പെട്ടു എന്ന ഊന്നലല്ല, അവർ പരസ്പരം കടപ്പെട്ടവരാരാണെന്നുള്ള ആശയമാണ്. അതുപോലെ സ്ത്രീ പുരുഷനിൽ നിന്നാണു മറിച്ചല്ല സൃഷ്ടിക്കപ്പെട്ടത് എന്നു എട്ടാം വാക്യത്തിലെ വാദത്തേയും 12–ാം വാക്യത്തിൽ അപ്പോസ്തോലൻ ഭേദപ്പെടുത്തുന്നു. സ്ത്രീ പുരുഷനിൽനിന്നും സൃഷ്ടിക്കപ്പെട്ടതുപോലെ, പുരുഷൻ സ്ത്രീയിൽ നിന്നു ജനിക്കുന്നു എന്നവിടെ ചൂണ്ടിക്കാണിക്കുന്നു. ഇവിടെയും വിധേയത്വമുള്ളതു സ്ത്രീയും പുരുഷനും അന്യോന്യമാണെന്നു അപ്പോസ്തോലൻ ഉറപ്പിച്ചു പറയുന്നു.

പൗലോസിന്റെ ഈ രണ്ടാമത്തെ ആശയത്തിനു ഉല്പത്തി പുസ്തകത്തിലെ സൃഷ്ടിവിവരണത്തിൽ കൊടുത്തിരിക്കുന്ന അടിസ്ഥാനം ശ്രദ്ധേയമാണ്. മനുഷ്യസൃഷ്ടിയെപ്പറ്റി നാം സാധാരണ പറഞ്ഞുവരുന്ന ആദാമിന്റെയും ഹവ്വായുടെയും കഥ ഉല്പത്തി 2–ാം അദ്ധ്യായത്തിൽ നിന്നുമെടുത്തതാണ്. അവിടെ ആദ്യ മനുഷ്യനെ ഒരു പുരുഷ വ്യക്തിയായി ചിത്രീകരിക്കുന്നു. എന്നാൽ 1–ാം അദ്ധ്യായം 26–31 വരെ മനുഷ്യനെ സൃഷ്ടിച്ച വിവരം കൊടുത്തിരിക്കുന്നത് അങ്ങനെയല്ല. 26.10 വാക്യത്തിൽ മനുഷ്യനെപ്പറ്റി ഏകവചനവും ബഹുവചനവും ഉപയോഗിച്ചിട്ടുണ്ട്. "അനന്തരം ദൈവം, നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക. അവർ സമുദ്രത്തിലുള്ള...എന്നു കല്പിച്ചു." ഈ ഊന്നൽ 27–ാം വാക്യത്തിൽ കൂടുതൽ വിശദമാക്കിയിട്ടുണ്ട്. "ദൈവം തന്റെ സ്വരൂപത്തിൽ അവനെ സൃഷ്ടിച്ചു. ആണും പെണ്ണുമായി അവരെ സൃഷ്ടിച്ചു." 5:1, 2 ലും ഈ ആശയം തന്നെയാണു കാണുന്നത്. ഇവിടെ സൂചനയുള്ള മനുഷ്യൻ ഒരു വ്യക്തിയല്ല, ഒരു പ്രത്യേക പുരുഷനുമല്ല, സ്ത്രീയുമല്ല. സർവ്വ മനുഷ്യ വ്യക്തികളെയും മാനവ സമൂഹത്തെ ആകമാനവും മാത്രമല്ല, സ്ത്രീ പുരുഷ യാഥാർത്ഥ്യത്തെയും ഒരുമിച്ച് ഉൾക്കൊള്ളുകയും അതിജീവിക്കുകയും ചെയ്യുന്ന മാനവികതയാണ്. അഥവാ ഉല്പത്തി 1–ാം

(ശേഷം 5–ാം പേജിൽ)

എം. പി. വിജയന്റെ കുടുംബത്തെ സഹായിക്കുക

പൗലോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുമായുള്ള അടുപ്പം മൂലം അദ്ദേഹത്തിന്റെ ജീവചരിത്രത്തിൽ വരെ (പ്രകാശത്തിലേയ്ക്ക് ഒരു തീർത്ഥയാത്ര) പരാമർശിക്കപ്പെട്ട എം. പി. വിജയൻ എന്ന അന്ധനെയും അദ്ദേഹത്തിന്റെ രോഗികളായ ഭാര്യയെയും മക്കളെയും 'നസ്രാണി' വായനക്കാർക്കായി പരിചയപ്പെടുത്തുന്നു.

മെത്രാപ്പോലീത്താ വിജയന് എഴുതിയ ആദ്യകത്ത് പൗലോസ് മാർ ഗ്രീഗോറിയോസ് ഇൻഫോയിൽ കത്തുകളുടെ വിഭാഗത്തിൽ ലഭ്യമാണ്. അസാധാരണമായ ഒരു ബന്ധമായിരുന്നു മാർ ഗ്രീഗോറിയോസും ഈ പാവപ്പെട്ട തലശ്ശേരിക്കാരനുമായുണ്ടായിരുന്നത്. മെത്രാപ്പോലീത്താ വർഷത്തിൽ രണ്ടു മൂന്നു തവണയെങ്കിലും വിജയന് പണം അയച്ചുകൊടുക്കുമായിരുന്നു. മെത്രാപ്പോലീത്തായുടെ കാലശേഷം, കഴിഞ്ഞവർഷം ഭാര്യയുടെ അസുഖത്തിന് ചികിത്സിക്കാൻ കാശില്ലാതെ വലഞ്ഞപ്പോൾ അദ്ദേഹം ഒരു സഹായിയെയും കൂട്ടി കോട്ടയത്തെത്തിയിട്ട് വണ്ടിക്കൂലി പോലും ലഭിക്കാതെ പിരിവെടുത്ത് തിരികെ പോകേണ്ടിവന്നു എന്നത് ഞങ്ങളെ നാണം കെടുത്തുന്നു.

ഇത് വായിക്കുന്നവരിലാർക്കെങ്കിലും, എപ്പോഴെങ്കിലും ദരിദ്രരെ സഹായിക്കാൻ ഉൾവിളി വരുമ്പോൾ ഈ മനുഷ്യന്റെ കുടുംബത്തെ ഓർക്കുവാൻ ഞങ്ങൾ അഭ്യർത്ഥിക്കുന്നു.

– പത്രാധിപർ

വിലാസം: എം. പി. വിജയൻ, സ്നേഹാലയം, കൈരളി വായനശാലയ്ക്കു സമീപം എടക്കാട്ട് പി. ഒ. കേരളം,



മദ്ധ്യസ്ഥത യാചിച്ചുകൊണ്ട്

ബിജുവും ശോഭയും, കോട്ടയം

സ്ത്രീയും പുരുഷനും

(നാലാം പേജിൽ നിന്നും)

അദ്ധ്യായത്തിലും അതിനോടു യോജിക്കുന്ന മറ്റു ഭാഗങ്ങളിലും ദൈവം ആദിയിൽ ഉളവാക്കിയതായി വിഭാവന ചെയ്തിരിക്കുന്നത് ഒരു പ്രത്യേക മനുഷ്യ വ്യക്തിയെ അല്ല. "മനുഷ്യൻ" എന്ന വാസ്തവത്തെ യാണ്. അത് ഒരു പുരുഷനൊ, ഒരു സ്ത്രോയൊ ഒരു പ്രത്യേക വ്യക്തി തന്നെയോ അല്ല, എന്നാൽ അതിൽ വ്യക്തിയും വർഗ്ഗവും പുരുഷനും സ്ത്രീയും തത്വ ത്തിലുണ്ട്.

എബ്രായഭാഷയിൽ "ആദാം" ഒരു വ്യക്തിനാമമല്ല. "മനുഷ്യൻ എന്നർത്ഥമുള്ള വർഗ്ഗനാമമാണ്. ആ അർത്ഥ ത്തിലാണ് 1:26, 27 ലും 5:2 ലും ആ പദം ഉപയോഗി ച്ചിട്ടുള്ളത്. ഇവയിൽ 5:2 ലെ ആദാം പുരുഷനും സ്ത്രീ ക്കും പൊതുവായി ദൈവം കൊടുത്ത പേരായിരുന്നു എന്ന് അവിടെ പറയുന്നു. എന്നാൽ ആദ്യമനുഷ്യനും ആദാം എന്ന പേരു വ്യക്തിനാമമായി ലഭിച്ചു എന്ന് 3:21 ൽ സൂചനയുണ്ട്. അതുപോലെ സ്ത്രീക്കു "ഹവ്വാ എന്ന പേരു നല്കിയിരുന്നതായി 3:20 ലും 4:1 ലും എടുത്തു പറയുകയും ചെയ്യുന്നു.

ഉല്പത്തി പുസ്തകത്തിലെ രണ്ടു കഥകളേയും ചേർത്തിണക്കിയാണ് വേദപുസ്തകത്തിലെ പ്രതിപാ ദനം. അവയിലൊന്നും അതിൽ തന്നെ പൂർണ്ണമല്ലെന്നുള്ള ബോധ്യമായിരിക്കാം കാരണം. ഇതു വേദപുസ്തക പഠിതാക്കളെ വിഷമിപ്പിച്ചിട്ടുള്ള ഒരു വിഷയമാണ്. പ്രശ്നം തരണം ചെയ്യുവാൻ 4–ാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിൽ പ്രശസ്തി ആർജിച്ച നിസ്സായിലെ ഗ്രിഗോറിയോസ് ദൈവം മനുഷ്യനെ രണ്ടു തട്ടുകളിലായി സൃഷ്ടിച്ചു എന്ന ഭിപ്രായപ്പെട്ടു. ഒന്നാമത്തെ തട്ടിൽ ഉല്പത്തി 1–ാം അദ്ധ്യാ യത്തിലും മറ്റും സൂചനയുള്ള 'മനുഷ്യനെ'യും രണ്ടാമത്തേതിൽ സ്ത്രീ പുരുഷന്മാരും വ്യക്തികളും തമ്മിൽ വേർതിരിവു ചൂണ്ടിക്കാണിക്കാവുന്ന 2–ാം അദ്ധ്യായത്തിലെ മനുഷ്യനെയും സൃഷ്ടിച്ചു എന്നാണു അദ്ദേഹത്തിന്റെ വ്യാഖ്യാന സാരം. ആധുനിക വേദപുസ്തക പണ്ഡിതന്മാർ ചരിത്രപരമായി കൂടുതൽ സ്വീകാര്യമായ ഒരു നിലപാടു അവലംബിക്കുന്നു. ഉല് പത്തി പുസ്തകത്തിലെ വൃത്താന്തങ്ങൾ രണ്ടും എബ്രാ യരുടെ ഇടയിൽ രൂപം കൊണ്ട ഭിന്ന പാരമ്പര്യങ്ങളെ പ്രതിബിംബിക്കുന്നവയായി അവർ അവയെ മനസ്സിലാ ക്കുന്നു.

5. സ്ത്രീ പുരുഷ ദർശനം

ഉല്പത്തി 1 ഉം 2 ഉം അദ്ധ്യായങ്ങളിൽ ചേർത്തിരി ക്കുന്ന പാരമ്പര്യങ്ങളിൽ രണ്ടാമത്തേതിനാണ് ആധുനിക വേദപുസ്തക പണ്ഡിതന്മാർ കൂടുതൽ പുരാതനത്വം കല്പിക്കുന്നത്. ആ പാരമ്പര്യം 2:4 മുതൽ 3–ാം അദ്ധ്യായത്തിന്റെ അവസാനം വരെയും പിന്നീടു പല ഭാഗങ്ങളിലുമായി, മനുഷ്യവർഗ്ഗം എങ്ങനെ ഉത്ഭവിച്ചു. ഏതു വിധത്തിൽ പാപം ലോകത്തിൽ പ്രവേശിച്ചു. അതിന്റെ ദുഷ്ഫലങ്ങൾ എന്തൊക്കെയായിരുന്നു, എന്നെല്ലാമുള്ള വിഷയങ്ങൾ രസകരമായ കഥാരൂപ ത്തിൽ വിവരിക്കുന്നു. ആ വിവരണങ്ങൾ മനുഷ്യജീവിത യഥാർത്ഥ്യങ്ങളെ മനഃശാസ്ത്രപരമായ അവബോ ധത്തോടെ അർത്ഥവത്തായി മനസ്സിലാക്കുവാൻ സഹായിക്കുന്നവയാണ്. എന്നാൽ ആദ്യമനുഷ്യനെ ഏകപുരുഷവ്യക്തിയായി സങ്കല്പിച്ചുകൊണ്ടുള്ള സമീപനം മൂലം സ്ത്രീയുടെ സ്വകീയതയെ അനുപേക്ഷ ണീയമായി കരുതാത്ത നിലപാടു അവിടെ അവലം ബിക്കുന്നു. അതുകൊണ്ടു സ്ത്രീയും പുരുഷനും തമ്മിൽ അവിഭാജ്യമായ ഐക്യം ഉണ്ടെന്നു സമ്മതിച്ചുകൊ ണ്ടുതന്നെ അവൾ പുരുഷനു താഴെ അവന്റെ സഹായി എന്ന നിലയിൽ മാത്രം അവളെ അവതരിപ്പിക്കുന്നു.

1–ാം അദ്ധ്യായത്തിലെ വിവരണം ഇവിടെ വിലയുള്ളതും ബുദ്ധിപരമായും പ്രാധാന്യം അർഹിക്കു ന്നതുമാണ്. എന്നാൽ അതു ലോകത്തിൽ സ്വതവേ നിൽക്കാവുന്നതല്ല. മനുഷ്യൻ ചരിത്രത്തിൽ പ്രവേശി ക്കുന്നതിനു വ്യക്തികൾ തമ്മിലും സ്ത്രീപുരുഷന്മാർ തമ്മിലുമുള്ള വേർതിരിവ് അത്യന്താപേക്ഷിതമാണ്. അതുകൊണ്ടായിരിക്കണം രണ്ടു പ്രതിപാദനങ്ങളും വേദപുസ്തകത്തിൽ ഒരുമിച്ചു ചേർത്തിരിക്കുന്നത്. എന്നാൽ സ്ത്രീ പുരുഷന്മാരുടെ പരസ്പരമുള്ള ഐക്യവും സമത്വവും 1–ാം അദ്ധ്യായം ഉറപ്പിച്ചു പറയുന്നു. ഏക മനുഷ്യവർഗ്ഗത്തിൽ അന്യോന്യം വ്യസ്ഥരായ വ്യക്തികളും പരസ്പരം ഭിന്നരായ സ്ത്രീ പുരുഷന്മാ രുമുണ്ട്. അവരിൽ ഓരോരുത്തരും മനുഷ്യൻ എന്ന യാഥാർത്ഥ്യത്തിന്റെ സമ്പൂർണ്ണ ഉടമകളുമാണ്.

ഉപസംഹാരം

ഈ പരാമർശം അടിസ്ഥാനമാക്കി താഴെപ്പറയുന്ന നിഗമനങ്ങൾ ചൂണ്ടിക്കാണിക്കാം.

1. പൗലോസിന്റെ ലേഖനങ്ങളിൽ രണ്ടു ഊന്നലു കളുണ്ട്. അവരണ്ടും ഉല്പത്തി പുസ്തകത്തിലെ സൃഷ്ടി വിവരണങ്ങളുമായി ബന്ധപ്പെട്ടവയാണ്.

2. അവയിൽ കൂടുതൽ പുരാതനമായ 21–ാം അദ്ധ്യായത്തിലെ കഥയിലാണു സ്ത്രീയെ പുരുഷന്റെ സഹായി ആയി അവനിൽനിന്നും ദൈവം നിർമ്മിച്ചു എന്നു പറയുന്നത്. അതിനു ലഭിച്ച പ്രചാരത്തിന്റെ അടിസ്ഥാനത്തിൽ രൂപം കൊണ്ട സാംസ്കാരിക പശ്ചാത്തലത്തെയാണു 1 കൊരി. 11:3–10 ലും 14:34–36 ലും പൗലോസു പ്രതിബിംബിക്കുന്നത്.

3. ക്രിസ്തീയ വിശ്വാസം വെളിച്ചത്തിൽ അപ്പോസ്തോലൻ ഈ വിഷയം പരാമർശിക്കുന്നതു 1 കോരി 11, 12 ലും ഗലാത്യർ 3: 26–ലും മറ്റുമാണ്. 1. കോരി 11:11, 12 ലെ ആശയങ്ങൾ ഉല്പത്തി 1:26 മുതലുള്ള ഭാഗങ്ങളുൾക്കൊള്ളുന്ന ചിന്തയുമായി ചേന്നു പോകുകയും ചെയ്യുന്നു. ബുദ്ധിപരമായി കൂടുതൽ ശ്രദ്ധേയമായി ഉല്പത്തി 11–ാം അദ്ധ്യായത്തിലെ വിവരണത്തിൽ, മനുഷ്യൻ (ആദാം) എന്നു പദത്തിൽ സ്ത്രീയും പുരുഷനും ഒരുപോലെ ഉൾക്കൊള്ളുന്നു എന്നാണു സമർത്ഥിച്ചിരിക്കുന്നത്. അതിനാൽ അവർ തമ്മിൽ മാനവികത ആസ്പദമാക്കി പരിപൂർണ്ണമായ ഐക്യവും സമത്വവുമാണ്.

4. പ്രാർത്ഥിക്കുമ്പോൾ സ്ത്രീ തലമൂടിയിരിക്കയും പുരുഷൻ തലമൂടാതെയിരിക്കയും വേണം എന്നു പൗലോസു നിഷ്കർഷിക്കുന്നു എന്നാൽ ഇന്നു സഭയിൽ സ്ത്രീകൾ പൊതുവെ തലമൂടുന്നുണ്ടെങ്കിലും വൈദികർ തലമൂടുന്നില്ലേ? അതു പൗലോസിന്റെ ആജ്ഞയെ നിരാകരിക്കുന്നതല്ലേ? ഈ ചോദ്യം പലപ്പോഴും നമ്മുടെ മനുഷ്യർ ചോദിക്കാറുണ്ട്. ഇതിനു നല്കുവാനുള്ള ഉത്തരം നിസാരമായ ഒന്നാണ്. നമ്മുടെ സ്ത്രീകളിൽ ഒരു വലിയ പങ്കും ആരാധനാവേളയിൽ തലമൂടുന്നത് പൗലോസു അപ്പോസ്തോലൻ അങ്ങനെ ചെയ്യണമെന്ന് എഴുതിയതു കൊണ്ടല്ല. നമ്മുടെ ജീവിതശൈലിയുടെ ഭാഗമായിട്ടാണ്. അതുപോലെ വൈദികർ തലയിൽ തൊപ്പിയോ അംശവസ്ത്രങ്ങളോ ധരിക്കുന്നത് പൗലോസിന്റെ പ്രസ്താവനയെ അതിലംഘിക്കണമെന്നു കരുതിയുമില്ല. അവരുടെ വൈദിക സ്ഥാന ചിഹ്നങ്ങളായി സഭ നിശ്ചയിച്ചിരിക്കുന്നതുകൊണ്ടാണ്.

5. മനുഷ്യൻ എന്ന പദത്തിൽ സ്ത്രീയും പുരുഷനും ഒരുപോലെ ഉൾപ്പെടുന്നു എന്ന പരമാർത്ഥം സമ്മതിക്കു ന്നതിനോടൊപ്പം അവർ തമ്മിൽ വ്യത്യാസമുണ്ടെന്നുള്ള വസ്തുതയും അനുസ്മരണമർഹിക്കുന്നു. ആ സത്യം അംഗീകരിക്കുന്നതു കൊണ്ടാണല്ലോ സ്ത്രീ പുരുഷ ബന്ധം ചിന്താവിഷയമാ കുന്നതു തന്നെ. ചരിത്രത്തിൽ പുരുഷനു തുല്യമായോ അധികമായോ ബുദ്ധിശക്തിയും ചിന്താശേഷിയും പ്രവർത്തന വൈഭവവും അവകാശ പ്പെടുക മാത്രമല്ല, പ്രകടിപ്പിക്കുകയും ചെയ്ത സ്ത്രീ കളുണ്ടായിട്ടുണ്ട്. അങ്ങനെയുള്ളവർ ഇന്നുമുണ്ട്. എന്നാൽ അതുകൊണ്ടു ശാരീരിക ഘടനയിലും മാന സിക വ്യാപാരമധിഷ്ഠിതമായ താത്പര്യങ്ങളിലും സ്ത്രീ പുരുഷന്മാർക്കു പൊതുവെ പ്രകൃതി സിദ്ധമായുള്ള വ്യത്യാസം നിർമ്മാർജിതമാകുന്നില്ല. അത്, സ്ത്രീ മാതൃത്വത്തേയും പുരുഷൻ പിതൃത്വത്തേയും മനുഷ്യവർ ഗ്ഗത്തിൽ നിലനിർത്തുന്നു എന്ന വാസ്തവത്തിൽ കാണാവുന്നതാണ്. എല്ലാ സ്ത്രീകളും മാതാക്കളാ യില്ലെന്നു വരാം. എന്നാൽ മാതാക്കളാകാത്ത സ്ത്രീകളും പിതാക്കന്മാരാകാത്ത പുരുഷന്മാരും, അവരവരുടെ ഭാഗത്തു മാതൃത്വത്തിന്റേയും പിതൃത്വത്തിന്റെയും പ്രതീകങ്ങളാണ്.

മലങ്കര കോട്ടയം, അങ്കമാലി ഇടവകകളുടെ മാർ പൗലോസ് അത്താനാസ്യോസു മെത്രാപ്പോലീത്താ എഴുത്തു

നമ്മുടെ പ്രിയ പുത്രന്മാരായ മലങ്കര മല്പാനും പ്രിൻസിപ്പാളുമായ ഗീവറുഗീസ് കത്തനാരും അസോസിയേഷൻ കമ്മറ്റി സെക്രട്ടറി എടവ ഴിക്കൽ പോത്തനും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പാണം പടിയ്ക്കൽ പള്ളി പണിയുന്നതിനു കിട്ടിയിരിക്കുന്ന ഉത്തര വിന്റെ താല്പര്യം കുരിശുപള്ളിയ്ക്കായിട്ടാണെന്നും അതു ദൗണിനക ത്താകകൊണ്ടു ശവം ഇട്ടുകൂടാ എന്നും സർക്കാർ വിരോധം ഉണ്ടാകു മെന്നും അങ്ങനെ സർക്കാരിന്റെ വിരോധമായി ശവം അടക്കുന്നതിനു അനുവദിച്ചിരിക്കുന്നതു കുറ്റകരമായിട്ടു വരുമെന്നും ടി എടവകയിൽ ചിലർ ഗൗരവമായിട്ടു ഇവിടെ ബോധിപ്പിച്ചു. ഒരു വിചാരണയുണ്ടാകു ന്നതുവരെ മുൻപോലെ കോട്ടയത്തു പുത്തൻപള്ളിയിൽ തന്നെ ശവം അടക്കികൊള്ളണമെന്നും നാം കല്പനയും അയച്ചിട്ടുണ്ട്.

അതിനാൽ നിങ്ങൾ രണ്ടുപേരും പാണംപടി പള്ളിയിൽ എത്തി പള്ളി ക്കാരെ വിളിച്ചുകൂട്ടി സർക്കാർ വിരോധം ഉണ്ടോ എന്നും പള്ളിക്കാരിൽ ഏറിയ കൂറിന്റെ അഭിപ്രായം എങ്ങനെയിരിക്കുന്നു എന്നു രേഖപ്പെടു ത്തിയും നിങ്ങളുടെയും അഭിപ്രായസഹിതം വോട്ടുചെയ്യണം.

ദൈവം അനുഗ്രഹിക്കുമാറാകട്ടെ.

വിശേഷിച്ചും നിലയ്ക്കലേത് പൗലോസു റമ്പാച്ചനും നിങ്ങളും കൂടി പോയി ഭംഗിയായി നടത്തിക്കൊള്ളണം ശേഷം പിന്നാലെ

എന്നു 1902 കൊല്ലം 107 ചിങ്ങം 5–നു

പറവൂർ പള്ളിയിൽനിന്നു (ഒപ്പ്)



മാർ പൗലോസ് അത്താനാസ്യോസു മെത്രാപ്പോലീത്താ

പുരുഷനോടൊപ്പം സ്ത്രീയ്ക്കും നേതൃത്വം

ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്

സഭയുടെ പാരമ്പര്യമനുസരിച്ച് ചിന്തിക്കുമ്പോൾ രണ്ടു കാര്യങ്ങളാണ് വേദപുസ്തകത്തിൽ കാണുന്നത്. ഒന്നാമത് കർത്താവിന്റെ തിരുവചനം സുവിശേഷത്തിൽ കാണുന്നത്: (വി. മത്തായി 19:4, വി. മർക്കോസ് 10:6)

കർത്താവിങ്ങനെയരുളിച്ചെയ്തു: "ആദിയിൽ അവരെ സൃഷ്ടിച്ചവൻ പുരുഷനും സ്ത്രീയുമായി അവരെ സൃഷ്ടിച്ചു എന്ന് നിങ്ങൾക്കറിഞ്ഞു കൂടെയോ?"

എന്നു പറഞ്ഞാൽ ആദിമുതലേ മനുഷ്യരാശിയുടെ രണ്ട് അവിഭാജ്യഘടകങ്ങളാണ് സ്ത്രീയും പുരുഷനും. അവയിൽ ഒന്നില്ലെങ്കിൽ മറ്റേതും ഇല്ലാതായിപ്പോകും. മാത്രമല്ല കർത്താവരുളിച്ചെയ്തിരിക്കുന്നതിൻ പ്രകാരം സ്ത്രീയും പുരുഷനും ഒന്നാണ്. ഏകശരീരമാണ് (വി: മത്തായി 19:6) അവയെ പൂർണ്ണമായി വേർതിരിപ്പാൻ നമുക്കവകാശമില്ല. കാരണം ദൈവമാണവരെ ഒന്നായി സൃഷ്ടിച്ചിട്ടുള്ളതും അവരെ ഒന്നാക്കിത്തീർക്കുന്നതും (19:6)

1. പുരുഷനോടൊപ്പം സ്ത്രീ

ഒന്നാമതു സ്ത്രീ പുരുഷബന്ധത്തെക്കുറിച്ചു വേദപുസ്തകത്തിലുള്ള നാലു ഘട്ടങ്ങൾ ചൂണ്ടിക്കാണിക്കാം. അതു കഴിഞ്ഞു സ്ത്രീകളുടെ സേവനം സഭയിൽ ഏതു വിധത്തിൽ ആയിരുന്നു എന്നു ചരിത്രപരമായ ഒരു അവലോകനം. വേദപുസ്തകം പഠിക്കുമ്പോൾ നാല് ഘട്ടങ്ങൾ കാണാം.

1:1 സ്ത്രീപുരുഷബന്ധം: മൗലീകമായ അടിസ്ഥാനം

ആദ്യത്തെ ഘട്ടം ആരംഭിക്കുന്നതു സൃഷ്ടിയോടു കൂടിയാണ്. മോശ ന്യായപ്രമാണത്തിൽ പഠിപ്പിച്ചതല്ല ആദിയിൽ ഉണ്ടായിരുന്നത്. കർത്താവു തന്നെ പറഞ്ഞു: 'മോശ നിങ്ങളുടെ ഹൃദയകാഠിന്യം മൂലം അങ്ങനെ കൽപിച്ചതാണ്'. പക്ഷേ ആദിയിൽ അങ്ങനെയല്ലായിരുന്നു. എന്താണ് ഈ ആദി? ആദി എന്നു പറയുന്നതു സൃഷ്ടിയുടെ ആദി തന്നെയാണ്. ദൈവം മനുഷ്യനെ സൃഷ്ടിച്ച സമയത്തു മനുഷ്യനെ സ്വന്തരൂപത്തിലാണ് സൃഷ്ടിച്ചത്. മനുഷ്യനെ സ്ത്രീയും പുരുഷനുമായി സൃഷ്ടിച്ചു. ഈശ്വരന്റെ രൂപം ഭൂമിയിൽ പ്രകടമാക്കാനുള്ള പ്രത്യേക കർത്തവ്യമാണു സ്ത്രീയും പുരുഷനും ഒന്നിച്ചു കൂടുന്ന മനുഷ്യനുള്ളത്.

അദൃഷ്ടനായ ദൈവത്തിന്റെ ദൃഷ്ടരൂപം. അതാണു കാണാത്ത ദൈവത്തിന്റെ കാണപ്പെട്ട രൂപം. നമ്മുടെ ജീവിതവിളി തന്നെ അതാണ്. നമ്മെ വിളിച്ചിരിക്കുന്നതു കാണപ്പെടാത്ത ദൈവത്തിന്റെ കാണപ്പെട്ട രൂപമായിത്തീരാൻ വേണ്ടിയാണ്. അതാണു നമ്മുടെ മൗലികദൗത്യവും. സൃഷ്ടിയുടെ വിളി ദൈവരൂപം ചരിത്രത്തിൽ യാഥാർഥ്യമാക്കിത്തീർക്കുക എന്നുള്ളതാണ്. ഇത് സ്ത്രീയും പുരുഷനും തമ്മിലുള്ള തുല്യത മാത്രമല്ല. സ്ത്രീയും പുരുഷനും ഒന്നിച്ചുവെങ്കിലേ ഇതു സാധിക്കൂ.

ദൈവം സ്ത്രീയെയും പുരുഷനെയും ഒന്നിച്ച് അനുഗ്രഹിച്ചു: 'നിങ്ങൾ ഭൂമിയിൽ പെരുകുക. ഭൂമിയിൽ മറ്റുള്ളവയെയെല്ലാം ഭരിക്കുക. ഭൂമി നന്നാക്കിയെടുക്കുക'. ഇങ്ങനെയൊരു നിയോഗമാണ് ആദ്യം മുതലേ ദൈവം മനുഷ്യനു നൽകിയിട്ടുള്ളത്. അതാണു സ്ത്രീപുരുഷബന്ധത്തിന്റെ അടിസ്ഥാനം. ദൈവത്തിന്റെ രൂപം ലോകത്ത് പ്രകാശിപ്പിക്കുകയെന്ന ഈ ദൗത്യം വളരെ പ്രയാസമുള്ള കാര്യമാണ്. നമ്മൾ ദൈവത്തെ പോലെയായിത്തീരുക എന്നുള്ളത് അതിൽ അന്തർഭവിച്ചിട്ടുണ്ട്. ദൈവം എവിടെയെന്ന് ആരെങ്കിലും ചോദിച്ചാൽ 'നോക്കൂ' എന്നു പറയാൻ നമുക്കു സാധിക്കണം. അതാണു ദൈവത്തിന്റെ വിളി. അവിടെയാണു സ്ത്രീപുരുഷബന്ധത്തിന്റെ മൗലികമായ അടിസ്ഥാനം. അതാണ് ഒന്നാംഘട്ടം.

1:2 ദൈവത്തെ അവിശ്വസിച്ചു. സാത്താനെ വിശ്വസിച്ചു

രണ്ടാം ഘട്ടത്തിലേയ്ക്കു വരുമ്പോഴാണ് അൽപ്പം പ്രയാസം ഉള്ളത്. ഈ ഘട്ടം ആരംഭിക്കുന്നതു പാപത്തിലേക്കുള്ള വീഴ്ചയോടു കൂടിയാണ്. ആ വീഴ്ചയുടെ വിവരണത്തെക്കുറിച്ച് ഇപ്പോൾ വനിതാ പ്രസ്ഥാനത്തിനകത്ത് ഒരുപാടു തർക്കങ്ങളൊക്കെ നടക്കുന്നുണ്ട്. അതു പുരുഷന്മാർ എഴുതിയുണ്ടാക്കിയ ഒരു വിവരണം ആയതുകൊണ്ടാണ് അതു അങ്ങനെയിരിക്കുന്നത് എന്നാണ് ഒരു വാദം. അതായത് ഹവ്വയാണ് ആദ്യപഴം ഭക്ഷിച്ചതെന്നും അതു കഴിഞ്ഞ് ആദാമിനു കൊടുത്തതേയുള്ളുവെന്നുമൊക്കെയാണല്ലൊ എഴുതി വച്ചിട്ടുള്ളത്. ഈ ഗുലുമാലുകളൊക്കെ എഴുതി വച്ചതു പുരുഷന്മാരാണ് എന്നാണ് ഫെമിനിസ്റ്റു പ്രസ്ഥാനത്തിൽ പലരും പറയുന്നത്. എനിക്കതങ്ങോട്ട് അത്രയും ബോധ്യമാകുന്നില്ല എന്ന് ഞാൻ നിങ്ങളോടു സമ്മതിക്കാം. അതിന്റെ കാരണം ഒരു പക്ഷേ അമിതമായ പുരുഷഭാഗ സ്ഥാപന പ്രവണതയാവാം. പുരുഷനു പുരുഷനെപ്പറ്റി മാത്രമേ ചിന്തിക്കാൻ സാധിക്കൂ – മറ്റുള്ളവരെപ്പറ്റി ചിന്തിക്കാൻ സാധിക്കാത്ത ഒരു അവസ്ഥ.

ഇതൊക്കെയാണെങ്കിലും, വേദപുസ്തകത്തിൽ എഴുതിയിരിക്കുന്നതെല്ലാം പുരുഷന്മാർ എഴുതിയതു കൊണ്ട് ഇങ്ങനെ വന്നു പോയി എന്ന് എനിക്കു വിചാരമില്ല. വീഴ്ചയുടെ ആഖ്യാനത്തിൽ സ്ത്രീയുടെ ഭാഗം അല്പം സ്പെഷ്യൽ ആണെന്നു പറയാം. അതു മുഴുവൻ സ്ത്രീയുടെ കുറ്റമാണെന്നു പറഞ്ഞു കൂടാ. സാത്താൻ മനുഷ്യനെ സമീപിക്കാൻ നോക്കിയപ്പോൾ, ആദാമിനെ നേരിട്ടു പിടി കൂടിയാൽ ചിലപ്പോൾ കാര്യം പറ്റുകയില്ല എന്നൊരു സംശയം. അതിനു വേണ്ടിയാണു സ്ത്രീയുടെ അടുക്കൽ ആദ്യം ചെന്നത്.

അവൻ ചോദിച്ചു: 'നിങ്ങൾക്കിത് ഒന്നും ഭക്ഷിക്കാൻ പാടില്ലെന്നു പറഞ്ഞിട്ടുണ്ടോ'?

'ഒും, പറഞ്ഞിട്ടുണ്ട്. എല്ലാം തിന്നാം. ചുറ്റുമുള്ളതൊക്കെ തിന്നാം. പക്ഷേ നടുക്കത്തെ മരത്തിന്റെ ഫലം മാത്രം തിന്നരുതെന്നാ ഞങ്ങളോടു പറഞ്ഞത്.'

'ദൈവത്തിനു നിങ്ങളോടു ശകലം അസൂയ ഉണ്ട്. അതു കൊണ്ടാണ് നിങ്ങളോട് അങ്ങനെ പറഞ്ഞത്. അതു തിന്നാൽ നിങ്ങൾ ദൈവത്തെപ്പോലെയാകും. അസൂയ കൊണ്ടാണു ദൈവം ആ കനി തിന്നരുത് എന്നു പറഞ്ഞത്. നിങ്ങളതു തിന്നാൽ നല്ല ബുദ്ധിയുള്ളവരാകും' അങ്ങനെ സാത്താൻ ഒരു സൂത്രം പറഞ്ഞു കൊടുത്തു. ദൈവത്തെപ്പറ്റി ഒരു അപവാദം കൂടെ കൂട്ടിച്ചേർത്തു മനുഷ്യരെ കുഴിയിൽ ചാടിച്ചു.

കേട്ടപ്പോൾ നേരാണല്ലോ, ഇതു നല്ലഫലങ്ങളാണല്ലോ, കണ്ടാലും നല്ലതാണല്ലോ എന്നു ഹവ്വയ്ക്കു തോന്നി. ഒന്നു കടിച്ചു നോക്കിയിട്ട് ഒരെണ്ണം ആദാമിനും കൊണ്ടുപോയി കൊടുത്തു: 'ദേ നോക്ക്; നല്ലതാണ്' എന്നു പറഞ്ഞു. അങ്ങനെ രണ്ടു പേരും കുഴിയിൽ ചാടി.

ദൈവകല്പന ലംഘിച്ചതിനാൽ ദൈവം മൂന്നുപേരെയും ശിക്ഷിച്ചു. ദൈവം പാമ്പിനു നല്കിയ ശിക്ഷ ഇതാണ്.

'നീ ശപിയ്ക്കപ്പെട്ടവനാണ്. നീ മണ്ണു തിന്നും. ഭൂമിയിൽ ഇഴഞ്ഞു നടക്കും.'

ദൈവം സ്ത്രീയോടു പറഞ്ഞു. "നീ സാത്താൻ പറഞ്ഞതു കേട്ടു. എന്നെ അവിശ്വസിച്ചു. ആയതിനാൽ നീ മക്കളെ നൊന്തു പ്രസവിക്കും. നിന്റെ ഭർത്താവ് നിന്നെ ഭരിക്കും."

ദൈവം പുരുഷനും ശിക്ഷ നല്കി: "ജീവിതകാലം മുഴുവൻ നീ ഭൂമിയിൽ അദ്ധ്വാനിച്ച് അതിൽ നിന്നു ഭക്ഷണം നേടും." മൂന്നു കൂട്ടർക്കും ശാപം.

ഈ മൂന്നു ശാപവും ഇപ്പോഴും നമ്മുടെ കൂടെയുണ്ട്. പാവപ്പെട്ട പാമ്പിനുമുണ്ടു ശാപം. അതും ശാപം അനുഭവിച്ചു കിടക്കുകയാണ്. ഇപ്പോഴത്തെ അവസ്ഥയിൽ സ്ത്രീക്കും ശാപമുണ്ട്; പുരുഷനും ശാപമുണ്ട് എന്നതാണ് പരമാർത്ഥം. എന്നാൽ ഈ രണ്ടാം ഘട്ടത്തിൽ മൗലിക പ്രശ്നം ദൈവം പറഞ്ഞതിനെ അവിശ്വസിച്ചു സാത്താൻ പറഞ്ഞതിനെ വിശ്വസിച്ചു എന്നുള്ളതാണ്. ഇന്നും പ്രശ്നം



അവിടെയാ കിടക്കുന്നത്. ദൈവത്തെ വിശ്വസിക്കാൻ നാം തയ്യാറില്ല. പലകഥകളുമായി എവിടെ നിന്നെങ്കിലും ആരെങ്കിലും വന്നാൽ അവരെയൊക്കെ വിശ്വസിക്കാൻ നാം റെഡിയാണ്. അതു സ്ത്രീയും പുരുഷനും ഒരുപോലെ കേൾക്കുന്നുണ്ട്. അതുകൊണ്ടു രണ്ടു പേർക്കും ശാപമുണ്ടെന്നാണെന്റെ വിചാരം ഇപ്പോഴും.

രണ്ടാമത്തെ കാര്യം: ഹവ്വ ഒരു തീരുമാനം ചെയ്തു. സാത്താനെയാണോ ദൈവത്തിനെയാണോ വിശ്വസിക്കേണ്ടത് എന്ന പ്രശ്നത്തിൽ. അവൾ നോക്കി. പഴം കണ്ടാൽ നല്ലത്: അത് ഇന്ദ്രിയങ്ങൾക്ക് അനുഭൂതിയുണ്ടാക്കുന്നതാണ്. നമ്മെ വലിയ ബുദ്ധിമാന്മാരാക്കുന്നതാണ്. ഇതാണ് മനുഷ്യനെ കീഴ്പോട്ടു കൊണ്ടു പോകുന്നത്. ഇന്നും അതു തന്നെയാണു പ്രശ്നം. എന്തു കൊണ്ടാണു നാം ഏതെങ്കിലും ഒരു കാര്യത്തിന്റെ പുറകെ പോകുന്നത് എന്നു ഗാഢമായി ചിന്തിക്കണം. രണ്ടാം ഘട്ടമാണിന്ന്. ഈ ഘട്ടത്തിൽ നാമിന്നും സൂക്ഷിക്കേണ്ട കാര്യമാണ്.

1:3 സ്ത്രീയിൽ നിന്നും രക്ഷകൻ

മൂന്നാമത്തെ ഘട്ടം; ക്രിസ്തുവിലുള്ള രക്ഷയാണ് പുനസ്ഥാപനം. ക്രിസ്തുവിലുള്ള പുതിയ പുനഃസംഘടനയുടെ പ്രധാനപ്പെട്ട തത്വമായി പൗലോസു ശ്ലീഹ പറയുന്നു. ദൈവം സ്വപുത്രനെ സ്ത്രീയിൽ നിന്നു ജനിച്ചവനായി അയച്ചു; സ്ത്രീയിൽ നിന്നു ജനിച്ച മകനിൽ കൂടിയാണു ദൈവം ലോകത്തെ രക്ഷിക്കുക.

രണ്ടാമത്തെ ഘട്ടത്തിൽ സ്ത്രീയാണു മുൻകൈ എടുത്തത്. പുരുഷനും തുല്യ ഉത്തരവാദിത്വം ഉണ്ട്. എന്നാൽ മൂന്നാം ഘട്ടത്തിലാവട്ടെ. രക്ഷാപ്രവർത്തന ഘട്ടത്തിൽ, മുൻകൈയെടുത്തു പ്രവർത്തിക്കുന്നതു സ്ത്രീയാണ്. ഇതെപ്പറ്റിയാണ് ഈവആവെ (   ) സിദ്ധാന്തം എന്നു പറയുന്നത്. ഈവ എന്നുള്ളതു ലത്തീൻ ഭാഷയിൽ ഹവ്വയുടെ പേര്, ലത്തീൻ ഭാഷയിൽ 'കൃപ നിറഞ്ഞ മറിയമേ നിനക്കു സമാധാനം'   എന്നാണു മാലാഖ മറിയമിനോടു പറഞ്ഞത്. അപ്പോൾ ഈവ ഉണ്ടാക്കി വച്ച കുഴപ്പം 'ആവെ' എന്നു പറയുന്നതു കൊണ്ട് മറിച്ചു വന്നു. മറിച്ചിട്ടാൽ   അതാണ് ഈവ ആവേ സിദ്ധാന്തം. അപ്പോൾ സ്ത്രീയിൽ നിന്നു ജനിച്ച മനുഷ്യനു ലോകത്തു രക്ഷയുണ്ടാകും. സ്ത്രീയാണു വിശ്വാസത്തിലുള്ള ആദ്യപ്രതിസ്പന്ദനം നല്കിയത്. ദൈവം ഭൂമിയിൽ മനുഷ്യാവതാരം ചെയ്യേണ്ട സമയത്തു മാലാഖ വന്ന് ആ വാർത്ത അറിയിച്ചപ്പോൾ ആ വാർത്ത വിശ്വസിച്ചു സുവിശേഷമായി സ്വീകരിച്ചത് ഒരു സ്ത്രീയാണ്. അങ്ങനെ ഹവ്വയുടെ പ്രവൃത്തി മറിയം തിരുത്തിക്കുറിച്ചു. ഒരർത്ഥത്തിൽ മൂന്നാംഘട്ടം അവതരിപ്പിക്കുന്നതും സ്ത്രീ തന്നെ. ആ സ്ത്രീയിൽ നിന്നാണു രക്ഷയുടെ അരുവി – യേശുക്രിസ്തു – ഉദിക്കുന്നത്.

യേശു ക്രിസ്തുവിന്റെ പ്രബോധനത്തെപ്പറ്റി രണ്ടു മൂന്നു കാര്യങ്ങൾ സൂചിപ്പിക്കട്ടെ. ഒന്നാമതു റബിമാരുടെ പാരമ്പര്യത്തിലാണു യേശു ജീവിച്ചത്. ആ പാരമ്പര്യത്തിൽ സ്ത്രീകളെ ശിഷ്യരാക്കുന്ന പതിവില്ല. സ്ത്രീകൾ കൂടെ പോകയുമില്ല. പക്ഷേ കർത്താവിന്റെ കൂടെ ധാരാളം സ്ത്രീകളുണ്ടായിരുന്നു. കർത്താവിനു ശിഷ്യകളുമുണ്ടായിരുന്നു. അവൻ യഹൂദ പാരമ്പര്യം ഉല്ലംഘിച്ചു. യഹൂദ പാരമ്പര്യത്തിൽ നിയമ വിജ്ഞാനം പുരുഷനു മാത്രമുള്ളതാണ്. പുരുഷന്മാർക്കു മാത്രമേ നിയമം പഠിക്കാനും ആരാധിക്കാനും അനുവാദമുള്ളു. ഇപ്പോഴും അങ്ങനെ തന്നെ. ഇന്നു നിങ്ങൾ ഒരു സുന്നഗോഗിൽ പോയാൽ അവിടെ ആരാധന നടക്കണമെങ്കിൽ പത്തു പുരുഷന്മാർ ഉണ്ടായിരിക്കണം. അല്ലാതെ അഞ്ചു സ്ത്രീകളും അഞ്ചു പുരുഷന്മാരും ഉണ്ടായാൽ പോരാ. ഒമ്പതു പുരുഷന്മാർ ഉണ്ടെങ്കിൽ പോലും സാധ്യമല്ല.

(ശേഷം 7–ാം പേജിൽ)

പുരുഷനോടൊപ്പം സ്ത്രീയ്ക്കും നേതൃത്വം

(ആറാം പേജിൽ നിന്നും)

തിരിച്ചു പോരും. ഡൽഹിയിലെ വലിയ പ്രശ്നം അതാണ്. അവിടെ 12 യഹൂദ കുടുംബങ്ങളേയുള്ളു. ശാബതു ദിവസം പത്തു പുരുഷന്മാരെ ഒന്നിച്ചു കിട്ടുക പ്രയാസം. സ്ത്രീകളെക്കൂടി പുരുഷന്മാരായി കണക്കാക്കരുതോ യെന്നു ഞാൻ ചോദിച്ചിട്ടുണ്ട്.

'ഇല്ലില്ല, അതു മോശയുടെ പ്രമാണങ്ങൾക്കു വിരുദ്ധമാണ്. ഡൽഹിയിലെ റബി വാദിച്ചു. അപ്പോൾ യേശു വളർന്നു വന്നത് ഈ യഹൂദ പശ്ചാത്തലത്തിലാണ്: അവൻ ആ പാരമ്പര്യം തച്ചുടച്ചു. അവൻ ശിഷ്യരെ പഠിപ്പിച്ചു. അവരിൽ പലരും സ്ത്രീകളായിരുന്നു.

രണ്ടാമതൊരു കാര്യം: ആരാണു കർത്താവിനെ മശിഹായായി അഭിഷേകം ചെയ്തത്? വല്ല മഹാ പുരോഹിതനുമായിരുന്നോ? അല്ല, ഒരു സ്ത്രീയാണ് അഭിഷേകം ചെയ്തത്.

യേശു സ്ത്രീകളെ ഗൗരവബോധത്തോടെ പരിഗണിച്ചു. അവർക്കു ബഹുമാന്യനായ സ്ഥാനം നല്കി. ഞാൻ ഒരു കാര്യം കൂടെ പറയാം. ഓർത്തഡോക്സ് പാരമ്പര്യത്തിൽ പ്രതീകാത്മകമായി പറയും, സഭയെ സൃഷ്ടിച്ചതു കുരിശിന്റെ പാദത്തിങ്കലാണെന്ന്. യേശു അമ്മയോട് 'ഇതാ നിന്റെ മകൻ' എന്നു പറഞ്ഞു യോഹന്നാനെ കാണിച്ചു കൊടുത്തു. യോഹന്നാനോടു പറഞ്ഞു 'ഇതാ നിന്റെ അമ്മ'. അടുത്ത വാചകം 'അവൻ തലകുനിച്ചു, സ്വന്തം പ്രാണൻ വെടിഞ്ഞു.' ഗ്രീക്കു ഭാഷയിൽ എഴുതിയിരിക്കുന്നത്

അവൻ തലകുനിച്ചു, പ്രാണനെ ഏല്പിച്ചു കൊടുത്തു) എന്നാണ്. മുകളിൽ പറഞ്ഞ രണ്ടു പേർക്കുമാണ് ഏല്പിച്ചു കൊടുത്തതു (കന്യക മറിയാമിനെയും യോഹന്നാനെയും കൂട്ടി യോജിപ്പിച്ചു കൊണ്ടു തന്റെ പ്രാണനും കൂടെ കൊടുത്തു. അതാണു സഭ. അപ്പോൾ സഭ രൂപം കൊണ്ടത് സ്ത്രീയും പുരുഷനും ദൈവാത്മാവും ചേർന്നുള്ള അദ്ഭുതകരമായ ഒരു സംയോജനത്തിന്റെ ഫലമായിട്ടാണെന്നു സിദ്ധിക്കുന്നു.

1:4. ക്രിസ്തുവിൽ സ്ത്രീയുമില്ല പുരുഷനുമില്ല

ഇനി നാലാമതൊരു ഘട്ടം ഉണ്ട്. അത് അവസാനത്തെ ഘട്ടം. അതിന്റെ പ്രധാന ഭാഗങ്ങളെന്തൊക്കെയാണെന്നു നോക്കാം. അതിനെപറ്റി പൗലോസ്ശ്ലീഹ പറയുന്നതു ക്രിസ്തുയേശുവിൽ സ്ത്രീയുമില്ല. പുരുഷനുമില്ല എന്നാണ്. എല്ലാവരും ഒന്നാണ്. 'ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏറ്റിരിക്കുന്ന നിങ്ങൾ എല്ലാവരും ക്രിസ്തുവിനെ ധരിച്ചിരിക്കുന്നു. അതിൽ യഹൂദനും യവനനും എന്നില്ല, ദാസനും സ്വതന്ത്രനും എന്നില്ല; ആണും പെണ്ണും എന്നുമില്ല. നിങ്ങൾ എല്ലാവരും ക്രിസ്തുവേശുവിൽ ഒന്നാകുന്നു' (ഗലാത്യർ 3: 26–28).

നിങ്ങൾക്കോർമ്മയുണ്ടല്ലോ കർത്താവിനെ കുടുക്കാൻവേണ്ടി സാദുക്യർ ചോദിച്ച ചോദ്യം? ഒരു പുരുഷൻ ഒരു സ്ത്രീയെ വിവാഹം ചെയ്തു. കുഞ്ഞുങ്ങളുണ്ടായില്ല. അയാളുടെ അനുജൻ ആ സ്ത്രീയെ വിവാഹം ചെയ്തു. കുഞ്ഞുങ്ങളുണ്ടായില്ല. അങ്ങനെ ഏഴുപേരും വിവാഹം ചെയ്തു. അവസാനം സ്വർഗത്തിൽ ചെന്നപ്പോൾ ആരുടെ ഭാര്യയായിരിക്കും അവൾ എന്ന്. ഒരു മുട്ടാപ്പോക്കു ചോദ്യമാണു ചോദിച്ചത്.

കർത്താവ് അതിനെന്താ മറുപടി പറഞ്ഞത്: 'സ്വർഗ്ഗത്തിൽ വിവാഹം ചെയ്യുന്നില്ല, ചെയ്യിക്കുന്നുമില്ല.'

ഞാനാലോചിച്ചു നോക്കി. വിവാഹം ചെയ്യുന്നത് നമ്മുടെ ഈ വീണ അവസ്ഥയുടെ പ്രധാനപ്പെട്ട ഭാഗമാണ്. കാരണം, നമ്മൾ മരിക്കുന്നതു മൂലമാണ് വീണ്ടും ജനിക്കേണ്ടി വരുന്നത്. മരിക്കുന്നില്ലെങ്കിൽ 'ജനനം' ആവശ്യമില്ല. മാലാഖമാർ മരിക്കുന്നില്ല. തന്മൂലം ജനിക്കേണ്ട ആവശ്യവുമില്ല. മരിക്കുകയും ജനിക്കുകയും ചെയ്യുന്നിടത്തേ കല്യാണത്തിന്റെ ആവശ്യമുള്ളു. പക്ഷേ സ്വർഗത്തിൽ ഈ പറയുന്നതൊന്നുമില്ല. മരണവുമില്ല, ജനനവുമില്ല, കല്യാണവുമില്ല. സ്ത്രീ സ്ത്രീയാണ്. പുരുഷൻ പുരുഷനാണ്. എന്നാൽ ഇതു തന്നെ ആത്യന്തികമായ അർത്ഥത്തിൽ എടുക്കാനുള്ളതല്ല. ക്രിസ്തുവിൽ സ്ത്രീയും പുരുഷനും ഏക മനുഷ്യനായി കരുതേണ്ടതാണ്. അതു കൊണ്ട് ഈ വ്യത്യാസങ്ങൾ ഈ ലോകജീവിതത്തിൽ മാത്രമുള്ളതായി കാണണം.

വെളിപാടു പുസ്തകത്തിൽ രണ്ടു സ്ത്രീകളുടെ ഇമേജ് ഉണ്ട്. ഒന്ന് വേശ്യകളുടെ മാതാവായ ബാബിലോൺ. ബാബിലോൺ എന്നു പറയുന്നതു റോമൻ സാമ്രാജ്യത്തിന്റെ ഒരു രൂപമാണ്. അതിനെ ഭയങ്കരിയായ, പാപിനിയായ, ഒരു സ്ത്രീയായി ചിത്രീകരിച്ചിരിക്കുന്നു. അതേ സമയത്ത് അതിന്റെ എതിരായിട്ടുള്ള ഒരു ഇമേജ് ഉണ്ട്. സൂര്യനെ അണിഞ്ഞൊരു സ്ത്രീ. സൂര്യനെ വസ്ത്രമായിട്ട് ധരിച്ചിട്ടുള്ള ഒരു സ്ത്രീ. 12–ാം അദ്ധ്യായത്തിൽ കാണുന്നത് ഇങ്ങനെ രണ്ടു സ്ത്രീകളുടെ ബിംബങ്ങളാണ്. ഇവർ തമ്മിലുള്ള സമരമാണ് ഇവിടെ നടക്കുന്നത്. നാം ഇക്കാലത്തു സ്റ്റേറ്റ് എന്നു പറയുന്നതാണു ബാബിലോൺ. അതായത് ഗവൺമെന്റ് എന്നു പറയുന്നതു തന്നെ: അതിനെപ്പറ്റിയാണ് പറയുന്നത് വേശ്യമാരുടെ അമ്മ എന്ന്. ഇപ്പോഴും നമ്മുടെ ഈ ലോകത്തിൽ നമ്മൾ സ്റ്റേറ്റിനു വലിയ പ്രാധാന്യം കൊടുക്കുന്നതു വലിയ കുഴപ്പമാണ്. പത്രക്കാർ സ്റ്റേറ്റിനെപ്പറ്റിയും രാഷ്ട്രീയത്തെപ്പറ്റിയും മാത്രമേ എഴുതുന്നുള്ളു.

ആത്യന്തികമായി, ഇതിന്റെ പ്രശ്നം തീരണമെങ്കിൽ മനുഷ്യരാശി എന്നു പറയണം. സൂര്യനെ ധരിക്കുക എന്നതു പ്രായോഗികമാകുന്നതു ദൈവം ഈ മനുഷ്യരാശിയുടെ ഒരു ഭാഗം ആകുമ്പോഴാണ്.

ആത്യന്തികമായ അർത്ഥത്തിൽ പറഞ്ഞാൽ നാലാമത്തെ ഘട്ടത്തിൽ സ്റ്റേറ്റോ ഗവൺമെന്റോ ബാബിലോണോ ഒന്നുമല്ല പ്രസക്തം. പിന്നെയോ ദൈവത്തെ ധരിച്ച സ്ത്രീയാണ്. സൂര്യനെ ഉടയാടയാക്കിയ വനിത, അവളാണു കന്യകമറിയാം. സഭ. ഇവ മൂന്നും. അവൾ പ്രസവിച്ച മകനെ മണലാരണ്യത്തിലേക്കയക്കുന്നു. ശിശുവിനെ വിഴുങ്ങാൻ മഹാസർപ്പം പിറകെ ഓടുന്നു.

ഈ സ്ത്രീ കന്യകമറിയമാണ്. സഭയാണ്, മനുഷ്യരാശിയുമാണ്. ഈ മനുഷ്യരാശിയെ സൂര്യൻ ധരിക്കുക എന്നു പറയുന്നതു ദൈവം ആ മനുഷ്യരാശിയിൽ പൂർണമായി ആരൂഢനാകുന്ന പ്രക്രിയയാണ്. അതാണ് ആത്യന്തികം ആയിട്ടുള്ളത്. അല്ലാതെ വേശ്യകളുടെ അമ്മയായ ബാബിലോണോ, ഗവൺമെന്റോ അല്ല ആത്യന്തികമായിട്ടുള്ളതെന്ന് ഇന്ന് ഊന്നി പ്പറയേണ്ടിയിരിക്കുന്നു. പക്ഷേ എല്ലാവരും കൂടെ ഇന്ന് ഗവൺമെന്റിന്റെ ചുറ്റുമാണ് കൂടുന്നത്. ഗവൺമെന്റിന് ആവശ്യത്തിനെന്തെങ്കിലും കിട്ടണം. ഗവൺമെന്റിനെ പൊക്കണം. ഗവൺമെന്റ് പിടിച്ചെടുക്കണം. ഇതും പറഞ്ഞു കൊണ്ടു ഗവൺമെന്റാണ് നമ്മുടെ പ്രശ്നങ്ങളൊക്കെ തീർക്കാൻ പോകുന്നതെന്നു പ്രചരിപ്പിക്കുന്നതിനാൽ വലിയ ഒരു തെറ്റിദ്ധാരണ നമുക്കെല്ലാവർക്കും വന്നു കൂടിയിട്ടുണ്ട്. എന്നാൽ ഗവൺമെന്റ് പ്രശ്നങ്ങളൊന്നും പരിഹരിക്കുകയില്ലെന്നു നാം മനസ്സിലാക്കണം. ഗവൺമെന്റ് വേണം. പക്ഷേ ഗവൺമെന്റിനെ ആത്യന്തിക യാഥാർഥ്യമായി പരിഗണിക്കേണ്ട. അതുവേശ്യകളുടെ അമ്മയായ ബാബിലോൺ തന്നെ. അത് ഒരു വഴിക്ക് അങ്ങനെ പൊയ്ക്കൊള്ളും. നമുക്കു വേണ്ടതു മനുഷ്യരാശിയിൽ ദൈവം വസിച്ച് അതിനെ ശുദ്ധീകരിക്കണം എന്നുള്ളതാണ്.

2. സഭാ ചരിത്രത്തിൽ

സഭയുടെ ചരിത്രത്തിൽ സ്ത്രീകൾക്ക് ഉണ്ടായിരുന്ന ചുമതലകൾ എന്തൊക്കെയാണെന്നു നോക്കാം. മൂന്നു ശ്രേണിയിലുള്ള ശുശ്രൂഷാക്രമം സ്ത്രീകൾക്ക് ആദ്യം മുതലേ ഉണ്ട്. പഠിപ്പിക്കുക, പ്രാർത്ഥിക്കുക, പാവപ്പെട്ടവരെ സേവിക്കുക. ഇതു മൂന്നുമാണ് സ്ത്രീകളുടെ മൗലികമായ ശുശ്രൂഷകൾ. പൗലോസ് ശ്ലീഹ പറഞ്ഞിട്ടുണ്ട്. സഭയിൽ സ്ത്രീകൾ മിണ്ടാതിരുന്നു കൊള്ളട്ടെ എന്ന്. അതു മാറ്റിക്കളയേണ്ട ആവശ്യമൊന്നുമില്ല പോലും! പൗലോസ് ശ്ലീഹ വേറെ എന്തെല്ലാം പറഞ്ഞു. പുരുഷൻ തലമൂടി പ്രാർഥിക്കുന്നതു ലജ്ജാവഹമാണെന്നു പറഞ്ഞു. ഞങ്ങളൊക്കെ അങ്ങനെയാ പ്രാർത്ഥിക്കുന്നത്. ഇപ്പോഴും അതേ. മെത്രാച്ചന്മാരൊക്കെ തല മൂടിക്കൊണ്ടാണല്ലോ പ്രാർത്ഥിക്കുന്നത്. പൗലോസ് ശ്ലീഹായുടെ അഭിപ്രായത്തിൽ അതു വലിയ അപകടമാണ്. ലജ്ജാകരമാണ്. പക്ഷേ സഭ സ്വീകരിച്ചിട്ടില്ല. സ്ത്രീകൾക്കു പഠിപ്പിക്കാൻ പാടില്ലെന്നു സഭയിൽ നിയമമൊന്നുമില്ല. അതിന്റെ ചെറിയ ഒരു ഉദാഹരണം ഞാൻ പറയാം.

എന്റെ വലിയ ആരാധനാപാത്രമായ ഒരു സ്ത്രീയാണ് മാർത്താ മക്രീന. നാലാം ശതാബ്ദത്തിൽ ജീവിച്ചിരുന്ന അനുഗൃഹീതയായ മക്രീന പരിശുദ്ധനായ മാർ ബസേലിയോസിന്റെ മൂത്ത പെങ്ങളാണ്. 12 വയസ്സായപ്പോൾ ആ കുട്ടിക്കു സങ്കീർത്തനങ്ങൾ മുഴുവനും മനഃപാഠമായി. ഒരു സ്ഥലത്തു നിന്നു വേറൊരു സ്ഥലത്തേക്കു പോകുന്നതു തന്നെ സങ്കീർത്തനം ചൊല്ലിക്കൊണ്ടായിരിക്കും. മാത്രമല്ല, അന്നത്തെ വേദപുസ്തകത്തിൽ ശലോമോന്റെ വിജ്ഞാനം എന്നൊരു പുസ്തകമുണ്ടായിരുന്നു. അത് അപ്പോക്രീഫാ ബൈബിളിലെ ഉള്ളു. അതും മനഃപാഠമാക്കി. 12 വയസ്സായപ്പോൾ ആ കാലത്തെ ഏറ്റവും വലിയ പണ്ഡിതയെന്ന പ്രശസ്തി നേടി. നാലാം നൂറ്റാണ്ടിൽ ഇത്രയും വിദ്യാഭ്യാസമുള്ള ഒരു സ്ത്രീ ഉണ്ടായിട്ടില്ല. വലിയ പിതാക്കന്മാരായ ബസേലിയോസിനേയും ഗ്രീഗോറിയോസിനേയും പഠിപ്പിച്ചത് ഈ സഹോദരിയാണ്. അതുകൊണ്ട് പഠിപ്പിക്കൽ സ്ത്രീകളെ സംബന്ധിച്ചിടത്തോളം അതീവ പ്രധാനമായ ഒരു ധർമമാണ്. മക്രീനയുടെയും, ബസേലിയോസിന്റെയും, ഗ്രീഗോറിയോസിന്റെയും അമ്മയും നല്ല അഭ്യസ്ത വിദ്യയായ വനിത ആയിരുന്നു. ദൈവശാസ്ത്രം മാത്രമല്ല, ഭൗതിക വിജ്ഞാനീയവും നല്ലതു പോലെ അറിയാമായിരുന്നതു കൊണ്ടാണു മകളെ ഇങ്ങനെ വളർത്തി എടുത്തത്.

2:1 ബോധനശുശ്രൂഷ

സ്ത്രീകളുടെ പഠിപ്പിക്കൽ ശുശ്രൂഷ നഷ്ടപ്പെട്ടു പോയാൽ പൗരസ്ത്യസഭകളെ സംബന്ധിച്ചിടത്തോളം അവയുടെ ജീവൻ നഷ്ടപ്പെടും. വാസ്തവം പറഞ്ഞാൽ പൗരസ്ത്യ സഭകളെ സംബന്ധിച്ചിടത്തോളം സഭകളുടെ നിലനില്പിന്റെ അടിസ്ഥാനം തന്നെ സ്ത്രീകളുടെ പഠിപ്പിക്കൽ ശുശ്രൂഷയാണ്. ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്, എന്നിൽ വിശ്വാസത്തിന്റെ അടിത്തറ പാകിത്തന്നത് ആരാണെന്ന്. അത് എന്റെ പള്ളിയിലെ അച്ചൻ ആയിരുന്നില്ല. ഏതെങ്കിലും മെത്രാപ്പോലീത്താമാരുമല്ലായിരുന്നു; എന്റെ അമ്മയാണ് എന്നെ വിശ്വാസത്തിന്റെ ബാലപാഠം പഠിപ്പിച്ചത്. അവിടെ നിന്നാണ് എനിക്കു കിട്ടിയിട്ടുള്ള വിശ്വാസം.

ഇപ്പോഴും ദൈവശാസ്ത്രത്തിൽ പറയും മെത്രാന്മാർ അടുത്ത മെത്രാന്മാർക്കു വിശ്വാസം കൈയ്യേല്പിച്ചു കൊടുക്കുന്നുവെന്ന്. എന്നെ മെത്രാനച്ചനൊന്നുമല്ല കൈയേല്പിച്ചത്. എന്റെ അമ്മയാണ്. എന്റെ അപ്പൊസ്തലിക പിന്തുടർച്ച വരുന്നതും എന്റെ അമ്മയിൽ നിന്നാണ്. വിശ്വാസത്തെ സംബന്ധിച്ചിടത്തോളം ഇതാണു നമ്മുടെ സഭയുടെ വലിയ ശക്തി. വിശ്വാസം മക്കൾക്കു കൈമാറുന്നതിനുള്ള സ്വഭാവശുദ്ധിയും വിജ്ഞാനവും നമ്മുടെ സ്ത്രീകൾക്കുണ്ടെങ്കിൽ അതാണു വാസ്തവത്തിലുള്ള കരുത്ത്. സഭയുടെ സ്ഥാപനപരമായ ഘടനയൊക്കെ അവിടെ കിടക്കും. അതിനകത്തു കുടെ കുറെ കാര്യങ്ങൾ ചെയ്യണം. തർക്കമില്ല. പക്ഷേ ആ സ്ഥാപനപരമായ ഘടനയേക്കാൾ കൂടുതലായി നമ്മുടെ സഭയുടെ വിശ്വാസം പരിരക്ഷിച്ചു പോന്നിട്ടുള്ളത് അമ്മമാരുടെ വിജ്ഞാനവും വിവേകവും പ്രബോധനങ്ങളും ആണ്. ആദി മുതലേ സഭയിൽ അങ്ങനെ ആയിരുന്നു.

ഇതു സ്ത്രീകളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമായ ഒരു കാര്യമാണ്. മുമ്പു പറഞ്ഞ മക്രീനയുടെ അമ്മൂമ്മയും ഒരു മക്രീനയാണ്. ആ മഹതിയും ഒരു വലിയ അധ്യാപികയായിരുന്നു. ഈ അമ്മയിൽ നിന്നും അമ്മൂമ്മയിൽ നിന്നുമാണ് ഈ പറയുന്ന കുടുംബത്തിനു മുഴുവൻ വിശ്വാസവും കിട്ടിയിട്ടുള്ളത്. നമ്മുടെ ഇന്നത്തെ പ്രശ്നം വരുന്നതു മുഴുവനും അവിടെയാണ്. നമ്മുടെ അമ്മമാർ ഇന്നു വിശ്വാസം പഠിക്കാത്തതു വലിയ ഒരു പ്രതിസന്ധി സൃഷ്ടിച്ചിരിക്കുന്നു: വിശ്വാസ കാര്യങ്ങൾ സണ്ടേ സ്കൂളിൽ പഠിപ്പിച്ചു കൊള്ളുമെന്നൊരു ധാരണ എങ്ങനെയോ പരന്നിട്ടുണ്ട്. അങ്ങനെ പറഞ്ഞു വിടരുത്.

(ശേഷം 8–ാം പേജിൽ)

പുരുഷനോടൊപ്പം സ്ത്രീയ്ക്കും നേതൃത്വം

(ഏഴാം പേജിൽ നിന്നും)

സൺഡേ സ്കൂളിൽ വിശ്വാസം പഠിപ്പിക്കും, പഠിപ്പിക്കണം. അത്യാവശ്യമാണ്. പക്ഷേ അടിസ്ഥാനമിടേണ്ടത് അമ്മയാണ്; അമ്മൂമ്മയാണ്, അക്കാര്യത്തിൽ തർക്കം വേണ്ടാ. അവർക്കു യാഥാർഥമായിട്ടുള്ള വിശ്വാസം ഉണ്ടെങ്കിലേ സഭ നിന്ന് പോരുകയുള്ളൂ. അതു കൊണ്ട് ആ ശുശ്രൂഷയ്ക്ക് ഇന്നും ഉയർന്ന മുൻഗണന കൊടുക്കണം. അതൊരു ചെറിയ കാര്യമായി തള്ളിക്കളയരുത്. അപ്പോൾ നമ്മുടെ വനിതകൾ നമ്മുടെ വിശ്വാസം ശരിയായി പഠിച്ചേ തീരൂ. അല്ലാതൊക്കുകയില്ല. നമ്മുടെ സ്ത്രീകൾ നമ്മുടെ വിശ്വാസം നന്നായി പഠിച്ചില്ലെങ്കിൽ കുഞ്ഞുങ്ങൾക്ക് അതു പകർന്നു കൊടുക്കാൻ കഴിയുകയില്ല. ബുദ്ധിപരമായി മാത്രം പഠിച്ചാൽ പോരാ. വിശ്വാസത്തിൽ ജീവിക്കണം.

2:2 പ്രാർത്ഥനാ ശുശ്രൂഷ

രണ്ടാമത്തേതു പ്രാർത്ഥനാ ശുശ്രൂഷയാണ്. ആദിമ കാലത്തു പള്ളി ഉണ്ടായപ്പോൾ പള്ളിയുടെ പ്രധാന ധർമം അനുസ്യൂതമായ പ്രാർത്ഥനയായിരുന്നു. രാവിലെയും വൈകിട്ടും മാത്രമല്ല, നിരന്തരമായ, അനുസ്യൂതമായ പ്രാർത്ഥന. ആളുകൾ തുടർച്ചയായി പ്രാർത്ഥിച്ചു കൊണ്ടിരിക്കും. അങ്ങനെയാണ് പ്രായമേറിയ വിധവമാർ തുടർച്ചയായ പ്രാർത്ഥനയും മധ്യസ്ഥപ്രാർത്ഥനയും നിർവഹിക്കുവാൻ പള്ളികളിലേക്കു നിയോഗിക്കപ്പെട്ടത്.

അതിപ്പോൾ പള്ളിയിൽ വച്ചു ചെയ്യണമെന്നു ഞാൻ നിർബന്ധമായി പറയുന്നില്ല. വീടുകളിൽ വച്ചായാലും മനഃപ്രാർത്ഥനയിൽ കൂടിയായാലും സ്ത്രീകളുടെ ശുശ്രൂഷയുടെ ഒരു വലിയ ഭാഗമാണത്. ലോകത്തിനു വേണ്ടിയും കഷ്ടപ്പെടുന്ന മനുഷ്യർക്കു വേണ്ടിയും രോഗികൾക്കു വേണ്ടിയും, മർദ്ദിതർക്കു വേണ്ടിയും മറ്റും പ്രാർത്ഥിക്കുകയും, അങ്ങനെയുള്ള പ്രാർത്ഥനാശീലം വളർത്തിയെടുക്കുകയും ചെയ്യേണ്ടത് ഇന്നു വലിയ ആവശ്യമാണ്.

2:3 സേവന ശുശ്രൂഷ

മൂന്നാമത്തേത് ആവശ്യത്തിലിരിക്കുന്നവർക്കു സേവനം അനുഷ്ഠിക്കുന്ന ശുശ്രൂഷയാണ്. സഭ ആദ്യം മുതൽ തന്നെ പ്രയാസപ്പെടുന്നവർക്കും വഴിയാത്രക്കാർക്കും രോഗികൾക്കും വയോവൃദ്ധർക്കും അനാഥർക്കും എല്ലാം ശരണമായിരുന്നു, സങ്കേതമായിരുന്നു, അത്താണിയായിരുന്നു. അഭികാമ്യമായ ആ സ്ഥിതി വീണ്ടെടുക്കാൻ നമുക്കു കഴിയണം. ഇന്ന് ഇതു വളരെ ആവശ്യമായിരിക്കുന്നു.

3. സ്ത്രീ വേദശാസ്ത്രം പഠിക്കണം.

ഇപ്പറഞ്ഞ മൂന്നിനം ശുശ്രൂഷകൾക്ക് ഏറ്റവും മുന്തിയ പരിഗണന നല്കണമെന്നാണ് ഉപസംഹാരമായി എനിക്കു പറയാനുള്ളത്. സ്ത്രീ സംഘങ്ങൾ ദൈവശാസ്ത്രം പഠിക്കണമെന്ന പ്രായോഗിക നിർദ്ദേശം കൂടി ഞാൻ നിങ്ങളുടെ മുമ്പിൽ വയ്ക്കട്ടെ. വേദശാസ്ത്രപഠനം പുരുഷന്മാർക്കുള്ളതാണെന്നു പറഞ്ഞു മാറ്റി വയ്ക്കരുത്. വിശ്വാസം പഠിക്കണം. വേദശാസ്ത്രം എന്നു പറഞ്ഞാൽ വിശ്വാസം. പക്ഷേ വിശ്വാസം എന്താണ്?

യേശുക്രിസ്തു ലോകത്തിലേക്കു വന്നു. എന്താണ് ഈ ലോകം? എന്താണിവിടെ നടക്കുന്നത്? ലോകത്തിന് എന്തു സംഭവിച്ചു? ഇതെല്ലാം നാം പഠിക്കുകയും പഠിപ്പിക്കുകയും ചെയ്യണം. കുഞ്ഞുങ്ങളെ മാത്രമല്ല. പുരുഷന്മാരെയും സ്ത്രീകളെയും ഒരു പോലെ പഠിപ്പിക്കാനുള്ള സകല അധികാരവും ദൈവം സ്ത്രീക്കു തന്നിട്ടുണ്ട്. അതു പഠിപ്പിക്കണം. പഠിപ്പിക്കുന്ന ഒരു ശുശ്രൂഷാ സംവിധാനം ഓർത്തഡോക്സ് സഭയിലെ സ്ത്രീകൾക്കു പ്രത്യേകമായി ഉണ്ടാകണം. അത് ഉണ്ടാകാതിരിക്കാൻ കാരണമെന്താണ്?

ഞങ്ങൾ മെത്രാച്ചന്മാർ അഞ്ചാം ശതാബ്ദം മുതലാണു സന്യാസിമാരായത്. അതിനു മുമ്പു മെത്രാന്മാരും വിവാഹം ചെയ്തിരുന്നു. അക്കാലത്ത് അവർ സ്ത്രീകളെ ഭയപ്പെട്ടിരുന്നില്ല. കാരണം, അന്നവർക്കു ഭാര്യയും കുഞ്ഞുങ്ങളുമുണ്ടായിരുന്നു. പക്ഷേ മെത്രാന്മാർ സന്യാസിമാരായിക്കഴിഞ്ഞതോടെ അവർക്കു പെണ്ണുങ്ങളെ പേടിയായി. പെണ്ണുങ്ങളുടെ അടുത്തെങ്ങും പോവുകയില്ല. അവരെ അടുപ്പിക്കുകയില്ല. അവർക്ക് ഒരു ചുമതലയും കൊടുക്കുകയുമില്ല. അങ്ങനെയാണ് പള്ളി പുരുഷന്മാരുടെ കുത്തകയായിത്തീർന്നത്. ഞങ്ങളുടെ പേടി കൊണ്ടു തന്നെ അല്ലാതെ, നിയമമൊന്നും വിലങ്ങടിച്ചതു കൊണ്ടല്ല.

ഈ സ്ഥിതിയൊന്നു മാറാൻ കാലമായി. സ്ത്രീകൾക്കു സഭയിലെ അധ്യാപന ശുശ്രൂഷയിൽ ഹൃദയസ്ഥാനത്തു തന്നെ ചുമതല കൊടുക്കാൻ സമയം വൈകി. അതിനിനി നമ്മൾ ഒട്ടും മടിക്കരുത്. സൗകര്യം കഴിവതും വേഗം ഉണ്ടാക്കണം.

ഓർത്തഡോക്സ് വൈദിക സെമിനാരിക്ക് ഇക്കാര്യത്തിൽ താല്പര്യമുണ്ട്. ദിവ്യബോധനം പരിപാടി അതിന്റെ ലക്ഷണമാണ്. സ്ത്രീകളെ പഠിപ്പിക്കുക കൂടിയാണ് അതിന്റെ ഉദ്ദേശ്യം. ദിവ്യബോധനം പരിപാടി നടത്തിയ പരീക്ഷകളിൽ മിക്കപ്പോഴും ഉയർന്ന റാങ്കുകൾ നേടിയതു സ്ത്രീകളാണ്. സ്ത്രീകൾ വളരെ ഗൗരവബോധത്തോടെ പഠിക്കുന്നു. ഞങ്ങളുടെ സെമിനാരിയിൽ പഠിപ്പിക്കുന്ന ചില പ്രൊഫസർമാരെക്കാൾ കൂടുതൽ വിജ്ഞാനം അവരിൽ ചിലർ കാണിക്കുന്നുണ്ട്. അതു സാധ്യമാണെന്ന് അവർ തെളിയിച്ചു കഴിഞ്ഞു. അതു കൊണ്ടു സ്ത്രീകൾ അധീരരാകേണ്ട കാര്യമൊന്നുമില്ല. ദൈവമാണു സ്ത്രീകൾക്കു ബുദ്ധിയും മറ്റു സിദ്ധികളും നല്കിയിട്ടുള്ളത്. പഠിക്കാനും പഠിപ്പിക്കാനുമുള്ള വാസനയും ആ സിദ്ധികൾ നിങ്ങൾ പരമാവധി ഉപയോഗിക്കണം.

ഞാൻ നേരത്തേ പറഞ്ഞ പ്രാർത്ഥനാ ശുശ്രൂഷയ്ക്കു നിങ്ങൾ പുതിയ രൂപം കണ്ടു പിടിക്കണം. പഴയതു പോരാ. പഴയ രൂപം പള്ളിയിലിരുന്നു പ്രാർത്ഥിക്കുകയായിരുന്നു. ഒരു സംഘം പ്രാർത്ഥന അവസാനിപ്പിച്ചു പോകുമ്പോൾ മറ്റൊരു സംഘം ആ സ്ഥാനം ഏറ്റെടുക്കുന്നു. അങ്ങനെ പ്രാർത്ഥന അനുസ്യൂതം തുടർന്നു നടക്കുന്നു. അങ്ങനെയായിരുന്നു റോമാനഗരത്തിലെ സഭയിൽ. മൂന്നാം നൂറ്റാണ്ടിൽ രണ്ടായിരത്തിലേറെ വിധവകൾ ഇങ്ങനെ മാറി മാറി പ്രാർത്ഥനാ ശൃംഖലയിൽ വർത്തിച്ചിരുന്നുവെന്നു ചരിത്രം പറയുന്നു.

ഇങ്ങനെയുള്ള പ്രാർത്ഥനയുടെ ശക്തി ഇന്നു വളരെ ആവശ്യമാണ്. വേദശാസ്ത്രത്തെപ്പറ്റി അതുമിതുമൊക്കെ പറഞ്ഞിട്ടു, പ്രാർത്ഥന ഇല്ലാതെ പോയാൽ വലിയ കുഴപ്പമാണ്. തിയോളജി തന്നെ കുഴപ്പമുണ്ടാക്കും. അപ്പോൾ പ്രാർത്ഥന ഇല്ലാത്ത തിയോളജി ഉണ്ടാക്കുന്ന കുഴപ്പത്തെപ്പറ്റി പറയാനില്ല. വിമോചന ദൈവശാസ്ത്രത്തിന്റെ കുഴപ്പം അതാണ്. അതു പ്രാർത്ഥനയില്ലാത്ത തിയോളജിയാണ്. പ്രാർത്ഥനയുടെ ശുശ്രൂഷ തിയോളജി പഠിക്കുന്നതോടൊപ്പം നാം വളർത്തിയെടുക്കണം.

4. സ്ത്രീ നേതൃത്വം വളരണം

സമൂഹത്തിന്റെ അടിയിൽ ഉറഞ്ഞു കൂടിയിട്ടുള്ള ഈ അനീതി മാറ്റി സമൂഹത്തിനു കുറേക്കൂടി മാനുഷിക മൂല്യങ്ങൾ കൊടുക്കാൻ എങ്ങനെ സാധിക്കും? (ഇതു പുരുഷന്മാരുണ്ടാക്കിയ സമൂഹമാണെന്നതിൽ സംശയമൊന്നുമില്ല). അങ്ങനെ ഒരു നവീന സമൂഹമായി വളരണമെങ്കിൽ പുരുഷന്മാർ മാത്രം ഈ സമൂഹത്തെ നയിച്ചാൽ പോരാ, സ്ത്രീകൾ നേതൃത്വസ്ഥാനത്തു വരണം. അവർ മാത്രമായി നടക്കണമെന്നല്ല ഞാൻ പറയുന്നത്. അവർ കൂടെ തുല്യമായ നിലയിലേക്കു വരണം.

ഇപ്പോഴത്തെ സ്ഥിതിയിൽ സ്ത്രീകൾക്കു രാഷ്ട്രീയത്തിൽ പ്രവേശിക്കുക എളുപ്പമല്ല. അവരും പുരുഷന്മാരെപ്പോലെയായി തീരേണ്ടി വരും. അവർ സ്ത്രീ സ്വഭാവം കളഞ്ഞിട്ടു പുരുഷന്മാരെപ്പോലെ പെരുമാറിയെങ്കിലേ ഇന്നത്തെ സ്ഥിതിയിൽ രക്ഷപെടാനൊക്കൂ. അതിന് ഇടയാകാതെ സ്ത്രീകൾ തന്നെ വിഭാവനം ചെയ്യുന്ന ഒരു വ്യവസ്ഥിതി ഉണ്ടാകണം. അതിന്റെ നേതൃത്വത്തിൽ സ്ത്രീകളും പുരുഷന്മാരും ഒരുമിച്ചു പ്രവർത്തിക്കുന്ന ഒരു വ്യവസ്ഥിതി ഉണ്ടാകാൻ ക്രൈസ്തവ സ്ത്രീകൾ മറ്റു സ്ത്രീകളോടൊരുമിച്ച് പ്രവർത്തിക്കേണ്ട കാലഘട്ടമാണിത്.

സ്ത്രീ സഭയിൽ മിണ്ടാതിരിക്കണം. (1 കോരി. 14:34, 35 1 തീമോത്തി 2:11, 12) സഭയിൽ പഠിപ്പിയ്ക്കാൻ അനുവാദമില്ല എന്നും പൗലോസ് ശ്ലീഹാ ഉപദേശിക്കയും തന്റെ സഭകളിൽ നടപ്പിലാക്കാൻ ശ്രമിക്കയും ചെയ്തിരുന്നു എന്ന് വി. വേദപുസ്തകത്തിൽ വ്യക്തമായി കാണുന്നു. ഇത് പ്രത്യേക സാഹചര്യത്തിലുള്ള നിർദേശമാണ്. എന്നാൽ സ്ത്രീക്ക് പ്രവചന നൽവരമുണ്ടായിരുന്നു, തല മൂടിക്കൊണ്ട് പ്രവചിക്കണം എന്നു മാത്രമേയുള്ളൂ എന്നാണല്ലോ. 1. കോരി 11:5 ന്റെ അർത്ഥം. യോവേൽ പ്രവാചകന്റെ ദീർഘദർശനത്തിൽ "നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും" എന്ന് വ്യക്തമായി കാണുന്നു (യോവേൽ 2:28, അ: പ്രവൃത്തികൾ 2:17) അപ്പോസ്തല പ്രവൃത്തികൾ 21:9 ൽ ഏഴ് ശെമ്മാശ്ശന്മാരിൽ ഒരുവനായ ഫീലിപ്പോസിന്റെ നാല് അവിവാഹിത പുത്രികൾ പ്രവചിച്ചിരുന്നു എന്ന് കാണുന്നു. പഴയനിയമത്തിൽ അഹറോന്റെ സഹോദരി മിറിയാം (പുറപ്പാട് 15:20) ലപ്പീദോത്തിന്റെ ഭാര്യ ദിബോറാ (ന്യായാധിപതിമാർ 4:4) ഷാലൂമിന്റെ ഭാര്യ ഹുൽദാ (2 രാജാ: 22; 14 2 ദിനവൃത്താന്ത 34:22) എന്നിവർ പ്രവചിച്ചിരുന്നതായി നാം കാണുന്നു. പുതിയനിയമത്തിൽ ഫാനുയേലിന്റെ പുത്രി ഹന്നാ നമ്മുടെ കർത്താവിനെക്കുറിച്ച് ദേവാലയത്തിൽ പരസ്യമായി പ്രവചിച്ചതായി വി. ലൂക്കോസ് നമ്മെ അറിയിക്കുന്നു. (വി. ലൂക്കോസ് 2:38)

എന്നാൽ സഭാ പാരമ്പര്യത്തിൽ നമുക്കറിയാവുന്നിടത്തോളം സ്ത്രീകൾ പരിശുദ്ധ കുർബാനയർപ്പിച്ചതായോ, പട്ടം കൊടുത്തതായോ നാം കാണുന്നില്ല. ശെമ്മാശിനിമാർ സ്ത്രീകൾക്ക് കുർബാന കൊടുക്കും. സ്ത്രീകളെ മാമ്മോദീസാ മുക്കും. കൂദാശകൾ അഥവാ സഭാരഹസ്യങ്ങളെ സംബന്ധിച്ചിടത്തോളം സ്ത്രീകൾക്ക് ഇതിൽ കൂടുതൽ അധികാരം നല്കപ്പെട്ടതായി പാരമ്പര്യത്തിൽ കാണുന്നില്ല.

എന്നാൽ ഇന്നത്തെ സാഹചര്യങ്ങളിൽ വിശ്വാസം പഠിപ്പിക്കുക. പ്രായപൂർത്തിയായ സ്ത്രീകളെ മാമോദീസാ മുക്കുക മുതലായ കാര്യങ്ങൾക്ക് പ്രത്യേക അധികാരമുള്ള ശെമ്മാശിനിമാർക്ക് പട്ടം കൊടുക്കുക സാദ്ധ്യമാണ്.

സ്ത്രീ മെത്രാനായെങ്കിലേ സ്ത്രീപുരുഷ സമത്വം സ്ഥാപിതമാകയുള്ളൂ എന്ന അമേരിക്കൻ ചിന്ത എത്ര കണ്ട് ന്യായീകരിക്കാമെന്ന് നാം ചിന്തിക്കേണ്ടതാണ്. ഓർത്തഡോക്സ് പാരമ്പര്യത്തിൽ സ്ത്രീക്ക് മാത്രമല്ല വിവാഹിതനായ പുരുഷന് പോലും മെത്രാനാകാൻ സാദ്ധ്യമല്ല. ഇത് മൗലീകാവകാശലംഘനമാണെന്ന് വാദിക്കുന്നത് എത്രവലിയ അപദ്ധമാണ്. കശീശായാകാനും മെത്രാനാകാനുമൊക്കെ പുരുഷനും സ്ത്രീക്കും അവകാശമില്ല. പരിശുദ്ധാത്മാവ് സഭയിൽ കൂടെ വിളിക്കുന്നവർക്കേ ഈ സ്ഥാനങ്ങൾ നല്കപ്പെടുന്നുള്ളൂ.

5. ഉപസംഹാരം

സ്ത്രീകൾക്ക് പുരുഷന്മാരോട് തുല്യമായ സ്ഥാനമാണ് കർത്തൃ ശരീരത്തിലുള്ളത്. ക്രിസ്തുവിൽ സ്ത്രീ പുരുഷഭേദമില്ല. നാമെല്ലാവരും ക്രിസ്തുവിൽ ഒന്നാകുന്നു എന്ന് പരിശുദ്ധ പൗലോസ് അപ്പോസ്തോലൻ പഠിപ്പിക്കുന്നു (ഗലാ 3:28)

സഭാ ഭരണത്തിലും ഉപദേശത്തിലും സ്ത്രീകൾക്കുള്ള പങ്ക് സാമൂഹ്യ വ്യവസ്ഥിതി മാറുന്നതനുസരിച്ച് മാറിക്കൊണ്ടാണിരുന്നിട്ടുള്ളത്. അങ്ങിനെ ഇന്നത്തെ സാമൂഹ്യ വ്യവസ്ഥിതിക്കനുസൃതമായ വ്യത്യാസങ്ങൾ വരുത്തുവാൻ സഭയ്ക്കവകാശമുണ്ട്.

■

ദൈവതിരുനാമ മഹത്വത്തിനും മനുഷ്യരാശിയുടെ നന്മയ്ക്കുമായി ഗ്രിഗോറിയൻ പഠനവേദിയ്ക്കു വേണ്ടി ജോയ്സ് തോട്ടയ്ക്കാടും കൂട്ടുകാരും പ്രസിദ്ധീകരിക്കുന്നത്.
പത്രാധിപർ: ജോയ്സ് തോട്ടയ്ക്കാട്. വിലാസം: സോഫിയാ ബുക്സ്, സൂര്യ ഗസ്റ്റ് ലൈൻ, തെക്കേനട, കോട്ടയം – 686 001. ഫോൺ: 91 – 481 – 2303237, 98474 98303